ലക്കം 4
മാർച്ച് 2012

# വചനം

## ഇ-മാഗസിൻ

(റിയാദ് കെ.എം.സി.സി. മലപ്പുറം ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം)



ലീഡേഴ്സ് റൈറ്റ്
**ന്യൂനപക്ഷം; സി.പി.ഐ.എം.ന്റെ ഇരട്ടത്താപ്പ്**
**മഞ്ഞളാംകുഴി അലിയുമായി അഭിമുഖം**

ആരോഗ്യം
**കുഞ്ഞുങ്ങളിലെ ജന്മ വൈകല്യങ്ങളും അമ്മമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളും**

വേ&വ്യൂ
**പരീക്ഷയെ വരവേൽക്കാം**

Vachanam e magazine
MALAPPURAM DISTRICT KMCC COMMITTEE

# വചനം

## മാഗസിൻ സമിതി

കോ - ഓർഡിനേറ്റർ:
**സയ്യിദ് അഷ്റഫ് തങ്ങൾ**

എഡിറ്റർ:
**അഷ്റഫ് പരതക്കാട്**

അസി: എഡിറ്റേർസ്
**സുലൈമാൻ ഊരകം**
**കെ.കെ. മുഹമ്മദ് സഈദ്**

അംഗങ്ങൾ
സുബൈർ അരിമ്പ്ര
അബ്ബൂസ്സമദ് കൊടിഞ്ഞി
ശുഹൈബ് പനങ്ങാങ്ങര
പി.ടി. ഫിറോസ്
ബഷീർ ഇരുമ്പുഴി
അസീസ് വെങ്കിട്ട
നൗശാദ് കുനിയിൽ



## താളുകളിൽ:

ലീഡേഴ്സ് റൈറ്റ് 3
ന്യൂനപക്ഷം; സി.പി.ഐ.എം.ന്റെ ഇരട്ടത്താപ്പ്
മഞ്ഞളാംകുഴി അലിയുമായി അഭിമുഖം

ലേഖനം 5
ആരാണ് പ്രവാസി
ഡോ. സുലൈമാൻ

യാത്രാ വിവരണം 7
നൈലിന്റെ തീരങ്ങളിലൂടെ
അഷ്റഫ് തങ്ങൾ ചെട്ടിപ്പടി, റിയാദ്

Muslim League At A Glance -I 10
By: Raoof Irumbuzhi

കാണാപ്പുറം 12
ചാറ്റിങ്ങിലെ ചതിക്കുഴികൾ
എ. അബ്ദുൽഖാദർ, പനങ്ങാങ്ങര, ദമാം

ആരോഗ്യം 13
കുഞ്ഞുങ്ങളിലെ ജന്മ വൈകല്യങ്ങളും
അമ്മമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളും

കവിത 14
SMS
യു. ഹസ്സനലി

വേ&വ്യൂ 15
പരീക്ഷയെ വരവേൽക്കാം
ശംസുദ്ദീൻ ഒഴുകൂർ

16
കിസ്.കോം

അല്ല നാം തനിച്ചല്ല 17
അബ്ദുൽ മുനീർ കെ., മുണ്ടക്കുളം

Inbox, കവിത, 19
പ്രോഗ്രാം ഫോട്ടോ

വായന, നിരീക്ഷണം, 20
ചിത്ര രചന, മാർച്ച് ഡയറി

# എഡിറ്റോറിയൽ

നമ്മുടെ ഓർമ്മകളിൽ നിറഞ്ഞ് നിൽക്കുന്ന പരീക്ഷാകാലമാണ് മാർച്ച്. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും ഒരുപോലെ ആശങ്കയുടെയും പ്രതീക്ഷയുടെയും മാസം.

ഒരു അദ്ധ്യയന വർഷത്തിന്റെ അധ്വാനഫലം പ്രതിഫലിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് നമ്മുടെ വിദ്യാർത്ഥികൾ. അക്ഷരങ്ങൾക്ക് ഹരിശ്രീ കുറിക്കുന്ന പ്രാഥമിക വിദ്യാലയം മുതൽ സർവ്വകലാശാല പരീക്ഷകൾവരെ മാർച്ചിനോടനുബന്ധിച്ചാണ് നടത്തപ്പെടുന്നത്. ഓണ പരീക്ഷകളും ക്രിസ്തുമസ് പരീക്ഷകളുമടക്കം നിരവധി പരീക്ഷണങ്ങൾ ഉണ്ടെങ്കിലും വിജയം നിശ്ചയിക്കുന്ന പ്രധാന്യമുള്ള പരീക്ഷയാണ് മാർച്ചിൽ നടക്കുന്നത്.

പരീക്ഷാപനി ഒരു രോഗമായി നമ്മുടെ വിദ്യാർത്ഥികളെ പേടിപ്പെടുത്തുന്നുണ്ടോ എന്ന ശങ്ക അടുത്ത കാലത്തായി വർദ്ധിച്ചിട്ടുണ്ട്. സ്ഥിരമായ ടൈംടേബിളും ടൈം മാനേജ്മെന്റും ശീലമാക്കാത്തവർക്കാണ് മാർച്ച് വിനയാകുന്നത്. ചിട്ടയില്ലാത്ത പഠനമാണ് പരീക്ഷക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളിൽ പലപ്പോഴും 'എക്സാം ഫോബിയ'ക്ക് കാരണാകുന്നു. പരീക്ഷ അടുത്ത് വരുമ്പോൾ മാത്രം കുട്ടികളെ ശ്രദ്ധിക്കുകയും ഫലം വന്ന ശേഷം മറ്റ് കുട്ടികളെ ചൂണ്ടിക്കാണിച്ച് സ്വന്തം കുട്ടികളെ മാനസികമായി പരഹസിച്ച് പീഡിപ്പിക്കുന്ന രക്ഷിതാക്കളും വിരളമല്ല. ഇത്തരം പ്രവർത്തനങ്ങൾ ഗുണത്തിലേറെ ദോഷമാകും പ്രതിഫലിപ്പിക്കുന്നത്.

കുട്ടികളുടെ മനസ്സറിയാതെ രക്ഷിതാക്കളുടെ "സ്വപ്നക്കൂട്" വിദ്യാർത്ഥികളിൽ അടിച്ചേൽപ്പിക്കാനുള്ള ശ്രമം ഭൂഷണമല്ല. ഡോക്ടറും എഞ്ചിനീയറും മാത്രമല്ല വിദ്യാഭ്യാസം എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. കുട്ടിയുടെ അഭിരുചിക്കനുസരിച്ച് അവർക്ക് ഉൾകൊള്ളാൻ കഴിയുന്ന സിലബസും പഠനവും തിരഞ്ഞെടുക്കാതെ എടുക്കാൻ കഴിയാത്ത ചുമടുകളേറ്റാൻ അവരെ നാം നിർബന്ധിക്കുകയാണെങ്കിൽ വിപരീതഫലമായിരിക്കും ലഭിക്കുക.

പഠിക്കുന്നവരുടെ മനസ്സറിയാൻ രക്ഷിതാക്കൾ പ്രാഥമികമായി ശ്രമിക്കേണ്ടതുണ്ട്. പരീക്ഷാകാലം മാത്രമുള്ള ശ്രദ്ധയാണ് ഇന്ന് പലരും ശീലമാക്കിയ പഠനശൈലി. ഓരോ വാർഷിക പരീക്ഷയിലേയും വിജയം തന്നെയാണ് അക്കാദമിക് യോഗ്യതയുടെ അളവുകോലായി സമൂഹം കാണുന്നത്. സ്വന്തം കുട്ടികൾ ഉയരങ്ങൾ കയറിയെത്തുന്നത് കാണാൻ ആഗ്രഹിക്കുന്ന രക്ഷിതാക്കളെപ്പോലെ തന്നെയാണ് താൻ പഠിപ്പിക്കുന്ന ഓരോ വിദ്യാർത്ഥിയുടെയും ജയ-പരാജയങ്ങളെ അധ്യാപകൻ നോക്കി കാണുന്നത്. വിജയത്തിന്റെ ആഹ്ലാദം പങ്കിടുന്ന രക്ഷിതാക്കളെപ്പോലെ മനസ്സറിഞ്ഞ് ആഹ്ലാദിക്കുന്ന അധ്യാപക ഹൃദയങ്ങളെയും നാം കാണേണ്ടിയിരിക്കുന്നു. വാർഷിക പരീക്ഷയില്ലാത്ത ഗുരുകുല വിദ്യാഭ്യാസ രീതിയിൽ നിന്ന് മാറിയ വർത്തമാന കാലത്ത് മാർച്ചിലെ പരീക്ഷയെ വരവേൽക്കാൻ വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരും ഒരുമിച്ച് കൈക്കോർത്താൽ വിജയം സുനിശ്ചിതം.



**അഷ്റഫ് പരതക്കാട്**

ലീഡേഴ്സ് റൈറ്റ്

മഞ്ഞളാംകുഴി അലി എം.എൽ.എ.യുമായി അഭിമുഖം

# ന്യൂനപക്ഷം; സി.പി.ഐ.(എം)ന് ഇരട്ടത്താപ്പ്

തയ്യാറാക്കിയത്



കെ.കെ. മുഹമ്മദ് സഈദ്
റിയാദ്



ന്യൂനപക്ഷങ്ങളുടെ പുരോഗതി പാർട്ടിയുടെ മുഖ്യ അജണ്ടയായി നയരേഖ പുറത്ത് വിട്ടത് സി.പി.ഐ.(എം.) ന്റെ പുതിയ കാപട്യമാണെന്ന് മഞ്ഞളാംകുഴി അലി. ന്യനപക്ഷത്തോട് എന്നും ശത്രുതാ മനോഭാവമാണ് സി.പി.ഐ.(എം) ന് ഉള്ളതെന്നും അദ്ദേഹം പറഞ്ഞു. മുസ്‌ലിം ലീഗ് മാത്രമാണ് ന്യൂനപക്ഷത്തിന് എന്നും തണലായതെന്നത് തർക്ക രഹിതമാണ്. സാധാരണക്കാരായ പ്രവാസികളുടെ പ്രശ്നങ്ങളിൽ പ്രവാസിലീഗ് കൂടെയുണ്ടാകുമെന്നും അദ്ദേഹം കൂട്ടിചേർത്തു. ഹ്രസ്വ സന്ദർശനാർത്ഥം റിയാദിലെത്തിയ അദ്ദേഹം 'വചന'ത്തിനനുവദിച്ച അഭിമുഖത്തിലാണിത് വ്യക്തമാക്കിയത്. അഭിമുഖത്തിന്റെ പൂർണ്ണരൂപം താഴെ.

എൽ.ഡി.എഫിന്റെ വികസന നയങ്ങളോടുള്ള എതിർപ്പാണ് എന്നെ ലീഗിലേക്ക് നയിച്ചത്. സ്ഥാനങ്ങളും അധികാരവും എന്നെ ഒരിക്കലും ആകർഷിച്ചിട്ടില്ല.

**മന്ത്രിയാകാൻ വേണ്ടിയാണ് താങ്കൾ മുസ്‌ലിം ലീഗിൽ ചേർന്നതെന്ന ആരോപണം ശരിയാണോ?**

ഒരിക്കലുമില്ല, ഞാൻ ഒരുപാട് സ്ഥാനങ്ങൾ എൽ.ഡി.എഫിന്റെ ഭരണകാലത്ത് വഹിച്ചിട്ടുള്ളതാണ്. നേരത്തെ പറഞ്ഞതുപോലെ എൽ.ഡി.എഫിന്റെ വികസന നയങ്ങളുമായി എനിക്ക് പൊരുത്തപ്പെടുവാൻ സാധിക്കാത്തത് കൊണ്ടാണ് അവരോട് സലാം പറഞ്ഞത്. ഞാൻ മുസ്‌ലിം ലീഗിൽ ചേർന്നത് എം.എൽ.എ.യോ മന്ത്രിയോ ആവണമെന്ന ആവശ്യമുന്നയിച്ചിട്ടല്ല. പിന്നെ എന്നെ മന്ത്രിയാക്കുമെന്ന് ബഹുമാനപ്പെട്ട ഹൈദരലി ശിഹാബ് തങ്ങളാണ് പ്രഖ്യാപിച്ചത്. അത് കൊണ്ട് അത് നടക്കുക തന്നെ ചെയ്യും, അതിലാർക്കും സംശയം വേണ്ട.

**സി.പി.ഐ.(എം.)ന്റെ സഹയാത്രികനായിരുന്നല്ലോ താങ്കൾ? അവരുടെ ഗ്രൂപ്പ് വഴക്കിനെ ഏത് രീതിയിൽ വീക്ഷിക്കുന്നു?.**

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കൂടപ്പിറപ്പാണ് ഗ്രൂപ്പ് വഴക്ക്. അവരുടെ ചരിത്രം ഇത് വ്യക്തമാക്കുന്നുണ്ട്. റഷ്യയിലും ചൈനയിലും മറ്റുള്ള സ്ഥലങ്ങളിലും ഇത് ശക്തമാണ്. ജനാധിപത്യേതര രാഷ്ട്രങ്ങളിൽ വഴക്കിടുന്നവരെ ജയിലിലടക്കുന്നതിനാൽ അത് പുറത്ത് അറിയുന്നില്ല.

ഇന്ത്യയിൽ വളരെ സ്പഷ്ടമായി ഇവരുടെ പോര് ദർശിക്കാവുന്നതാണ്. അതിൽ തന്നെ കേരളത്തിൽ ഗ്രൂപ്പ് പോര് വളരെ സജീവമാണ്.




മഞ്ഞളാംകുഴി അലി എം.എൽ.എ.ക്ക് റിയാദ് 'റമദ' ഓഡിറ്റോറിയത്തിൽ നൽകിയ സ്വീകരണത്തിൽ പ്രസംഗിക്കുന്നു.

**സി. ഐ. എ. എൽ. പോലുള്ള പ്രവാസി നിക്ഷേപങ്ങളെ യു.ഡി. എഫ് ഗവ: പ്രോത്സാഹിപ്പിക്കുന്നില്ലേ? ഇത്തരം നിക്ഷേപ സംരംഭങ്ങൾ തുടങ്ങാൻ ആലോചനയുണ്ടോ?**

യു.ഡി.എഫ്. ഗവൺമെന്റ് നല്ല നിക്ഷേപ സംരംഭങ്ങൾ എന്നും സ്വാഗതം ചെയ്തവരാണ്. കണ്ണൂർ എയർ പോർട്ടിന്റെ നിർമ്മാണം സി. ഐ.എ.എൽ. ന്റെ മാതൃകയിലാണ് നടക്കുന്നത്.

പക്ഷെ, പ്രവാസി ലീഗിന്റെയും എന്നെയും സംബന്ധിച്ചിടത്തോളം 600, 800, 900 വും റിയാലിന് ജോലി ചെയ്യുന്നവരുടെ പ്രശ്നങ്ങളാണ് വലുത്. അവരുടെ പുനരധിവാസമാണ് മുഖ്യ അജണ്ട.

**സിനിമ രംഗത്ത് ഇനി നിക്ഷേപം ഉദ്ദേശിക്കുന്നുണ്ടോ?**

വ്യക്തിപരമായി സിനിമാ നിക്ഷേപത്തെ നിരുത്സാഹപെടുത്തുന്നവനാണ് ഞാൻ. കാരണം മൂന്ന് സിനിമ നഷ്ടത്തിലായാലും കടമെടുക്കാതെ ജീവിക്കാനുള്ള പണം ഉള്ളവരേ സിനിമയെടുക്കാവൂ എന്നാണെന്റെ പക്ഷം.

**സി.പി.ഐ.(എം) ന്റെ ന്യൂനപക്ഷത്തിന് പ്രാധാന്യം നൽകിയുള്ള വികസന രേഖയെ എങ്ങനെ വിലയിരുത്തുന്നു ?**

ന്യൂനപക്ഷത്തിന്റെ പുരോഗതിയാണ് ലക്ഷ്യമെന്ന് നാഴികക്ക് നാൽപത് വട്ടം വിളിച്ചു പറയുന്ന ഇവർ സ്വന്തം പാർട്ടിയിൽ പോലും അത് പാലിച്ചില്ല. മലപ്പുറത്തെ സെക്രട്ടറിയായിരുന്ന ഉമ്മർ മാസ്റ്ററെ മാറ്റി വാസുദേവനെ സെക്രട്ടറിയാക്കി.

**പ്രവാസികളുടെ സഹായത്തോടെ എം.എൽ.എ. ആയതാങ്കൾ നിതാഖത്ത് പോലുള്ള പ്രശ്നങ്ങളിൽ അകപ്പെട്ട് നാട്ടിലേക്ക് തിരിക്കുന്ന പ്രവാസികളുടെ പ്രശ്നത്തിൽ ഏത് രീതിയിൽ ഇടപെടാനാഗ്രഹിക്കുന്നു.?**

നോർക്ക റൂട്ട്സിന്റെ ചെയർമാൻ കൂടിയായ മുഖ്യമന്ത്രിയെ നേരിൽകണ്ട് പ്രവാസികളുടെ അനുഭവങ്ങൾ വിശദീകരിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്തുക എന്നതാണ് ഒരു എം.എൽ.എ. ആയ എന്റെ മുഖ്യകടമ. മാത്രവുമല്ല മടങ്ങി വന്ന പ്രവാസികളെ പുനരധിവസിപ്പിക്കുക, ഹുറൂബായവരെ നാട്ടിലെത്തിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക, ജയിലിൽ കഴിയുന്നവരുടെ രേഖകൾ ശരിയാക്കി രാജ്യത്തേക്ക് കൊണ്ട് വരിക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് പ്രവാസി ലീഗ് സെക്രട്ടറിയേറ്റിലേക്ക് മാർച്ച് നടത്തും.

**പ്രവാസി പെൻഷൻ, പ്രവാസികളിൽ നിന്ന് പണം സ്വീകരിക്കാതെ നടപ്പിലാക്കാനുള്ള സംവിധാനത്തെകുറിച്ച് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ?**

പ്രവാസികളിൽ നിന്ന് പണം സ്വീകരിക്കാതെയുള്ള പെൻഷൻ ഇന്ത്യയെ പോലുള്ള രാജ്യത്ത് പ്രായോഗികമല്ല. പ്രവാസികളുടെ ഓഹരിയോടൊപ്പം സർക്കാറും ഒരു ഓഹരി നൽകുന്നു. അതാണല്ലോ അതിന്റെ ശരിയായ രീതി

**പ്രവാസി യൂണിവേഴ്സിറ്റി എന്ന സ്വപ്ന പദ്ധതി പ്രാവർത്തികമാവുമോ?**

അത് കേന്ദ്ര ഗവൺമെന്റ് പരിഗണനയിലുള്ള കാര്യമാണ് ആദ്യം അത് തീരുമാനിക്കപ്പെട്ടത് കർണാടകയിലാണ്. നമുക്ക് Knowledge City എന്ന രീതിയിൽ കൊണ്ടുവരാം. അതിന് പ്രവാസി ലീഗ് ശക്തമായി ശ്രമം തുടരും. കേരളത്തെ ഇന്ത്യയുടെ എഡ്യുക്കേഷൻ തലസ്ഥാനമായി മാറ്റുന്നതിന് ഈ Knowledge City ഉപകാരപ്പെടും. ●



മഞ്ഞളാംകുഴി അലി എം.എൽ.എ. യുടെ സ്വീകരണത്തിൽ പങ്കെടുത്ത സദസ്സ്

ലേഖനം:

# ആരാണ് പ്രവാസി

ഡോ. വി. സുലൈമാൻ

വിദേശത്തോട് അതിര് കവിഞ്ഞ താൽപര്യമുള്ള പുതു പ്പണത്തിന്റെ ശാദ്വല ഭൂമിക തേടിപോകുന്ന സാഹസിക നായ ഒരു ഭാഗ്യാന്വേഷി എന്ന നിലക്ക് ഒരു നെഗറ്റീവ് പരിവേ ഷമാണ് പ്രവാസിക്ക് മിക്ക പ്പോഴും കിട്ടാറുള്ളത്. എന്നാൽ രാജ്യത്തിന്റെ വികസന കാര്യ ത്തിൽ അതി ബൃഹത്തായ പങ്കാണ് പ്രവാസികൾ വഹിച്ച് കൊണ്ടിരിക്കുന്നത് എന്ന വസ്തുത വേണ്ടത്ര ചർച്ച ചെയ്യപ്പെടുന്നില്ല.

കഴിഞ്ഞ നാലുപതിറ്റാണ്ട് കാലമായി കേരള ത്തിൽ കണ്ട് വന്ന അതിപ്രധാനമായ ഒരു സാമ്പത്തിക – സാമൂഹിക പ്രതിഭാസമാണ് പ്രവാസികൾ. സംസ്ഥാന ത്തിന്റെ പുരോഗതിയുടെ മുച്ചൂടും ബാധിച്ചു നിൽക്കുന്ന പ്രവാസി സ്വാധീനം അതേ ആഴത്തിലും വിശാലതയിലും മറ്റേതൊരു സംഗതിക്കും ഇല്ല എന്നത് അഗീകരിക്കപ്പെട്ട വസ്തുതയാണ്. വിദ്യാഭ്യാസം, ആരോഗ്യം, ഭൂപരിഷ്ക രണം, ജനായത്തം തുടങ്ങിയവയിലൂടെ ആർജ്ജിച്ചതിനേ ക്കാൾ വലിയ പുരോഗതിയാണ് പ്രവാസികളിലൂടെ സംസ്ഥാനത്തിലും അതുവഴി രാജ്യത്തിനും ലഭ്യമായി കൊണ്ടിരിക്കുന്നത്.

ഇന്ത്യയുടെ വികസനവുമായി ബന്ധപ്പെടുത്തി പ്രവാസി സമൂഹത്തെ ഒന്ന് വിലയിരുത്തി നോക്കാം: സ്വന്തം രാജ്യത്തോടും അതിന്റെ രീതികളോടും അവ ജ്ഞയുള്ള, വിദേശത്തോട് അതിര് കവിഞ്ഞ താൽപര്യ മുള്ള പുതുപ്പണത്തിന്റെ ശാദ്വല ഭൂമിക തേടിപോകുന്ന സാഹസികനായ ഒരു ഭാഗ്യാന്വേഷി എന്ന നിലക്ക് ഒരു നെഗറ്റീവ് പരിവേഷമാണ് പ്രവാസിക്ക് മിക്കപ്പോഴും കിട്ടാറുള്ളത്. എന്നാൽ രാജ്യത്തിന്റെ വികസന കാര്യ ത്തിൽ അതി ബൃഹത്തായ പങ്കാണ് പ്രവാസികൾ വഹിച്ച് കൊണ്ടിരിക്കുന്നത് എന്ന വസ്തുത വേണ്ടത്ര ചർച്ച ചെയ്യ പ്പെടുന്നില്ല, പരിഗണിക്കപ്പെടുന്നില്ല.

രണ്ട് ദശാബ്ദമായി നവലിബറൽ സാമ്പത്തിക നയം പിന്തുടരുന്ന നമ്മുടെ രാജ്യം പല നിലയിലും വളർച്ച നേടിക്കൊണ്ടിരിക്കുന്നു എന്ന് കാണാം. 7% ത്തിൽ കുറയാത്ത വാർഷിക വളർച്ചാ നിരക്ക് നില നിർത്തുന്ന ഇന്ത്യ വരാനിരിക്കുന്ന പത്തിരുപത് വർഷ ത്തിനിടക്ക് വൻ കുതിച്ചു ചാട്ടം തന്നെ നടത്താൻ ഒരുങ്ങി നിൽക്കുകയാണ്. 30% (36 കോടിയോളം) മധ്യവർഗമുള്ള ഇന്ത്യക്ക് ഉൽപാദന വിതരണ രംഗത്ത് വലിയ സാധ്യ തയും ബാധ്യതയും തന്നെയാണ് ഉള്ളത്. ഈ മധ്യവർഗ താൽപര്യങ്ങൾ ഇന്ത്യയുടെ മൊത്ത സാമ്പത്തിക രംഗത്തെ സ്വാധീനിക്കാൻ പോന്നതാണ്. നഗരവാസി കൾക്ക് മാത്രം ലഭ്യമായിരുന്ന മധ്യവർഗ സ്വപ്നങ്ങൾ അനുഭവിച്ചറിയാൻ ഇന്ന് കൂടുതൽ ആളുകൾക്ക് കഴി ഞ്ഞിട്ടുണ്ട്. മെച്ചപ്പെട്ട ഗതാഗതം, ആരോഗ്യം, വിദ്യഭ്യാ സം, തൊഴിൽ, പാർപ്പിടം, വാഹനങ്ങൾ, മറ്റു സാധന സാമഗ്രികൾ വാർത്താ വിനിമയ സംവിധാനം ഇവ യെല്ലാം ഈ മധ്യവർഗത്തിന്റെ സ്വപ്നങ്ങളിൽ പെടുന്നു. ജീവിത സുഖ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ശ്രമി ക്കുന്ന ഇവരുടെ ആവശ്യങ്ങൾ ഉൽപാദന വിതരണ രംഗത്ത് അസാധാരണമായ സമ്മർദ്ദം സൃഷ്ടിക്കുന്നു. എണ്ണയുടെ ഉപഭോഗത്തിൽ ഇന്ത്യ ഇപ്പോൾ തന്നെ 6-ാം സ്ഥാനത്താണ്. ഈ എണ്ണയുടെ 70%വും ഇറക്കുമതിയാ

ണ്. ഇന്ത്യയുടെ ആകെ ഇറക്കുമതിയുടെ മൂന്നിലൊന്ന് വിഹിതം വളരെ കാലമായി എണ്ണക്കാണ്.

ഇതോടൊന്നിച്ച് കാണേണ്ട മറ്റു വസ്തുതകളും ഉണ്ട്. രാജ്യത്ത് നടന്ന് കൊണ്ടിരിക്കുന്ന വൻ ഉപരിതല പശ്ചാതല സൗകര്യങ്ങളുടെ വികസനം ഇതിൽ പെടുന്നു. രാജ്യത്തിന്റെ പ്രധാന നഗരങ്ങളെ കൂട്ടി ഇണക്കുന്ന സുവർണ ചതുഷ്ക്കോണ പദ്ധതിയും അനുബന്ധ ദേശീയപാതാ വികസനവും വൻ കുതിച്ചു ചാട്ടം തന്നെയാണ്. റെയിൽ, തുറമുഖം, വിമാനത്താവളം എന്നീ രംഗങ്ങളിലും വൻ മുതൽ മുടക്കും അതനുസരിച്ചുള്ള വികസനവും നടന്ന് കൊണ്ടിരിക്കുന്നു.

സാമ്പത്തിക രംഗത്തെ വളർച്ച, അതിനുവേണ്ട ഊർജ്ജ സ്രോതസ്സുകളുടെ കുറവ്, 123 കോടി ജനങ്ങൾക്കും വെച്ചപ്പെട്ട ജീവിത നിലവാരം നൽകാനുള്ള ബാധ്യത-ഇതിൽ എല്ലാം ഉൾക്കൊണ്ടിരിക്കുന്ന സാമ്പത്തിക തൊഴിൽവശം രാഷ്ട്രീയ നയതന്ത്രവശം എന്നീ ദിശകളിൽകൂടി നമ്മുടെ പ്രവാസികളുടെ രാഷ്ട്ര നിർമ്മാണ പ്രക്രിയയിലുള്ള പങ്കാളിത്തം വിലയിരുത്തേണ്ടത്.

ഉദാഹരണമായി 2005-06 വർഷം മുതൽ 2009-10 വർഷം വരെയുള്ള കയറ്റുമതി ഇറക്കുമതി സംബന്ധിച്ച പട്ടികയാണ് താഴെ തന്നിരിക്കുന്നത്.

| S.No | Year | Exports | %Growth | Imports | %Growth | Trade Balance |
|---|---|---|---|---|---|---|
| 1. | 2004-2005 | 375,340 | 27.94 | 501,065 | 39.53 | -125,725 |
| 2. | 2005-2006 | 456,418 | 21.60 | 660,409 | 31.80 | -203,991 |
| 3. | 2006-2007 | 571,779 | 25.28 | 840,506 | 27.27 | -268,727 |
| 4. | 2007-2008 | 655,864 | 14.71 | 1,012,312 | 20.44 | -356,448 |
| 5. | 2008-2009 | 840,755 | 28.19 | 1,374,436 | 35.77 | -533,680 |
| 6. | 2009-2010 | 845,534 | 0.57 | 1,363,736 | -0.78 | -518,202 |
| 7. | 2009-10 (Apr-Dec) | 608,882 | | 991,605 | | -382,723 |
| 8. | 2010-11 (Apr-Dec) | 751,633 | 23.44 | 1,126,513 | 13.61 | -374,880 |

സാധാരണ നിലക്ക് ഏതൊരു സാമ്പത്തിക വിദഗ്ധനെയും രാഷ്ട്രീയ നേതൃത്വത്തേയും ആകുലപ്പെടുത്തേണ്ട, രാജ്യം മൊത്തമായും ആശങ്കപ്പെടേണ്ട കണക്കുകളാണ് ഈ പട്ടികയിൽ ഉള്ളത്. 2004-05 നാം നടത്തിയ കയറ്റുമതി 375340 കോടി രൂപയും ഇറക്കുമതി 501065 കോടി രൂപയുമാണ്. അതായത് 125725 കോടി രൂപക്ക് അധികമായി സാധന സാമഗ്രികൾ നാം വാങ്ങിക്കൂട്ടിയിരിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഈ വ്യപാരകമ്മി കുറയുകയല്ല. മറിച്ച് കൂടുകയാണ്. അത് വർദ്ധിച്ച് 518202 കോടിയിൽ എത്തി നൽക്കുന്നു. അതായത് 6 വർഷത്തെ വ്യാപാര നഷ്ടം അഥവാ കമ്മി 400%...

രാജ്യത്തെ ഒരു സാമ്പത്തിക വിദഗ്ധനും ഇക്കാര്യത്തിൽ ഒച്ചയിടുന്നില്ല. ഒരു രാഷ്ട്രീയ നേതൃത്വവും ഇക്കാര്യത്തിൽ ആശങ്കപ്പെടുന്നുമില്ല. ഒരു പ്രതിപക്ഷത്തിനും രാജ്യം ഭരിക്കുന്ന സർക്കാറിനെ അടിച്ചു താഴെ ഇടാൻ ഉതകുന്ന ഒരു ആയുധമായി ഈ വ്യാപാര കമ്മി മാറുന്നില്ല. കാരണം എന്തേ എന്ന് ചോദിച്ചാൽ, അതിനുത്തരം ഈ പട്ടികയിലുണ്ട്.

| Foreign Exchange Reserves | | 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 |
|---|---|---|---|---|---|---|
| (i) Gold | Rs. Billion | 256.74 | 295.73 | 401.24 | 487.93 | 811.88 |
| (ii) SDR | Mn. of SDRs. | 3.0 | 2.0 | 18.0 | 1.0 | 5006. |
| (ii) Foreign Currency Assets | Rs. Billion | 6473.27 | 8365.97 | 11960.23 | 12300.66 | 11496.50 |
| Foreign Exchange Rate | Rs. / US$ | 44.27 | 42.25 | 40.26 | 45.99 | |

ഇന്ത്യയുടെ കൈവശമുള്ള സ്വർണ്ണ വിദേശ കറൻസിയുടെ കണക്കാണിത് 2005-06 ൽ 673001 കോടി രൂപക്ക് തുല്യമായ നിക്ഷേപം നമ്മുടെ കൈവശമുണ്ട്.

2009-10 ൽ 12,30838 കോടി രൂപയിൽ ഈ നിക്ഷേപം എത്തിനിൽക്കുന്നു. എന്താണ് ഇതിന്റെ മായാജാലം എന്ന് ചോദിച്ചാൽ അതിനുള്ള ഒരു ഉത്തരമാണ് നമ്മുടെ സ്വന്തം പ്രവാസികൾ. അന്യരാജ്യത്തെ പ്രതികൂല സാഹചര്യങ്ങളിൽ കൂട്ടുകുടുംബങ്ങളെ വിട്ട് പിരിഞ്ഞ് പലവിധ ത്യാഗങ്ങൾ സഹിച്ച് ചോര നീരാക്കി അദ്ധ്വാനിച്ചുണ്ടാക്കി നാട്ടിൽ എത്തിക്കുന്ന ചക്രത്തിന് മുകളിലാണ് നമ്മുടെ വികസന വണ്ടി തന്നെ നീങ്ങുന്നത് എന്ന് ധൈര്യമായി പറയാം...

# നൈലിന്റെ തീരങ്ങളിലൂടെ....

അഷ്റഫ് തങ്ങൾ ചെട്ടിപ്പടി, റിയാദ്

## അലക്സാണ്ട്രിയ ലൈബ്രറിയിൽ:

അലക്സാണ്ട്രിയയിലെ പ്രധാന കാഴ്ചകളിലൊന്ന് അലക്സാണ്ട്രിയ ലൈബ്രറിയാണ്. Bibliotheca Alexandrina (B.A.) എന്നറിയപ്പെടുന്ന ലൈബ്രറി സന്ദർശിച്ചു. ഉദിച്ചുയരുന്ന സൂര്യന്റെ മാതൃകയിൽ നിർമ്മിച്ച, മെഡിറ്ററേനിയൻ കടലിലേക്ക് അഭിമുഖമായി നിൽക്കുന്ന ഈ ഗ്രന്ഥാലയം ആധുനിക വാസ്തുശില്പത്തിന്റെ മുഴുവൻ സാധ്യതകളും ഉപയോഗിപ്പെടുത്തിയാണ് നിർമ്മിച്ചിട്ടുള്ളത്. ഏറ്റവും നല്ല രൂപകൽപ്പനക്കുള്ള ബ്രിട്ടനിലെ 'ആഗാഖാൻ പുരസ്കാരം' 2005 ൽ ഈ കെട്ടിടത്തിനാണ് ലഭിച്ചത്

## ലൈബ്രറിയുടെ പിറവിക്കു പിന്നിൽ:

അലക്സാണ്ട്രിയ സർവ്വകലാശാലക്ക് ഒരു പുതിയ ലൈബ്രറി കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ 1947ൽ ഒരു സമിതിയെ നിശ്ചയിച്ചു. ലോകപ്രസിദ്ധമായ അലക്സാണ്ട്രിയ ലൈബ്രറി സ്ഥിതി ചെയ്തിരുന്ന സ്ഥലത്തിനു സമീപവും സർവ്വകലാശാലക്കും, മെഡിറ്ററേനിയൻ കടലിനുമിടക്ക് കടലിനഭിമുഖമായിട്ടായിരിക്കണം നിർദ്ദിഷ്ട സ്ഥലമെന്നും നിർദ്ദേശിക്കപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കവെ, പുരാതനലൈബ്രറി പുനർ നിർമ്മിക്കണമെന്ന ആശയം പ്രബലമാകുകയും, അതിന് പിന്തുണയേറുകയും ചെയ്തു. 'യുനെസ്കോ' ഈ ആശയത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയും, 1988 ൽ ലൈബ്രറിക്ക് വേണ്ടി ആഗോളതലത്തിൽ ഒരു ആർക്കിടെക്ചറൽ ഡിസൈൻ മത്സരം സംഘടിപ്പിക്കുകയും ചെയ്തു. 1400 ൽ പരം എൻട്രികളിൽ നിന്നും നോർവേജിയൻ ആർക്കിടെക്ചറൽ ഓഫീസ് ആയ സ്നൊഹേറ്റയുടെ ഡിസൈൻ തിരഞ്ഞെടുക്കപ്പെട്ടു. 1990ൽ ആസ്വാനിൽ നടന്ന ഒരു സമ്മേളനത്തിൽ വെച്ച് 65 ദശലക്ഷം ഡോളർ വാഗ്ദാനം ചെയ്യപ്പെട്ടു. അതിൽ സിംഹഭാഗവും അറബ് രാഷ്ട്രങ്ങളുടേതായിരുന്നു. 1995 ൽ നിർമ്മാണ പ്രവർത്തനം തുടങ്ങി ഏകദേശം 220 മില്ല്യൺ ഡോളർ ചിലവഴിച്ച് നിർമ്മിക്കപ്പെട്ട ലൈബ്രറി 2002 ഒക്ടോബർ 16 നാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്.

റിക്രിയേഷൻ സെന്ററുകളും, ആർട്ട് ഗ്യാലറികളും ഓപ്പൺ ആർട്ട് പ്ലേസുകളും ഒക്കെയുള്ള ലൈബ്രറി, അറിവു തേടുന്നവരുടെ ഒരു അക്ഷയ ഖനി തന്നെയാണ്. ലക്ഷക്കണക്കിന് പുസ്തകങ്ങളുള്ള ലൈബ്രറിയിലെ ഗുണഭോക്താക്കളധികവും വിദേശികളും, അലക്സാണ്ട്രിയാ യൂനിവേഴ്സ്റ്റിയിലെ വിദ്യാർത്ഥികളുമായിരുന്നു. അറിവ് തേടിയെത്തിയ അനേകശതം ആളുകളുണ്ടായിട്ടും, ലൈബ്രറിയിലെ 'പിൻഡ്രോപ്പ്' എന്നു വിശേഷിപ്പിക്കാവുന്ന നിശബ്ദത എന്നെ വല്ലാതെ ആശ്ചര്യപ്പെടുത്തി. ലൈബ്രറിയിലെ പുസ്തകങ്ങൾ കൂടുതലും നിൽകിയിട്ടുള്ളത് ഫ്രാൻസ് ആണ്. (ഏതാണ്ട് അഞ്ചുലക്ഷം പുസ്തകങ്ങൾ)

ലൈബ്രറിയെ പൊതുവെ വിലയിരുത്തി പറയാറുള്ളത്, *Much More than a Library* എന്നാണ്. ലൈബ്രറിയിൽ ദശലക്ഷക്കണക്കിന് പുസ്തക ശേഖരങ്ങൾക്കൊപ്പം, ആറു പ്രത്യേക വിഭാഗം ലൈബ്രറികളുമുണ്ട്. വിഖ്യാത അറബി സാഹിത്യകാരനും, ഈജിപ്തിന്റെ വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന ഡോ. ത്വാഹാ ഹുസൈന്റെ നാമധേയത്തിലുള്ള സ്പെഷ്യലൈസ്ഡ് ലൈബ്രറിയിൽ കാഴ്ചക്ക് വൈകല്യമുള്ള ആളുകൾക്കുള്ള സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്. ഇതിനു പുറമെ ആർട്ട്, മൾട്ടി മീഡിയ, ഓഡിയോ വിഷൽ മെറ്റീരിയിൽസ് ലൈബ്രറി, കുട്ടികൾക്കും യുവാക്കൾക്കുമുള്ള പ്രത്യേക സെക്ഷൻ, മൈക്രോഫോംസ് സെക്ഷൻ,



അപൂർവ്വ പുസ്തകങ്ങളുടെയും, സ്പെഷ്യൽ കലക്ഷന്റെയും പ്രത്യേക സെക്ഷൻ എന്നിവ ഈ ലോകോത്തര ഗ്രന്ഥാലയത്തിന്റെ പ്രൗഢിയും തലയെടുപ്പും വർദ്ധിപ്പിക്കുന്നു.

അലക്സാണ്ട്രിയ ലൈബ്രറിയുടെ പ്രവേശനകവാടത്തിൽ മനോഹരമായി നിർമ്മിക്കപ്പെട്ട ചുമർ ഒരു അക്ഷര നിർമ്മിതിയാണ്! ലോകത്തെ കുറെ ഭാഷകൾ അതിൽ അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്. സൂക്ഷിച്ചു നോക്കിയപ്പോൾ തമിഴും, ഉർദുവും കാണാൻ കഴിഞ്ഞു.

ലൈബ്രറിയിലെ ഡിജിറ്റൽ കാറ്റലോഗിൽ പുസ്തകത്തിന്റെ ലിസ്റ്റ് പരിശോധിച്ചു; സൈനുദ്ധീൻ മഖ്ദൂമിന്റെ 'തുഹ്ഫത്തുൽ മുജാഹിദീനും, ഗാന്ധിജിയെക്കുറിച്ചുള്ള പുസ്തകവും, ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ


ലേഖകൻ ഈജിപ്തിൽ (ഇടത്)

പിതാവ് എം.എസ്. സ്വാമിനാഥന്റെ കൃഷി സംബന്ധിയായ പുസ്തകത്തിന്റെ അറബി ഭാഷാന്തരവും സ്ക്രീനിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, മൗസിലെ വിരലുകളിലൂടെ അഭിമാനത്തിന്റെ വിദ്യുത് തരംഗങ്ങൾ ശരീരത്തെയും.... മനസ്സിനെയും കോൾമയിർ കൊള്ളിച്ചു....

പുസ്തകാലയത്തിനു പുറമ്പോക്കുള്ള കൊച്ചു പുസ്തകക്കടകളിൽ കയറി. 'അലക്സാണ്ട്രിയാ ലൈബ്രറിക്കെന്തു സംഭവിച്ചു' എന്ന ടൈറ്റിലിലുള്ള ഗവേഷണപ്രധാനമായ ഒരു ഗ്രന്ഥം എന്നെ വല്ലാതെ മോഹിപ്പിച്ചു... ഈജിപ്ഷ്യൻ പൗണ്ടിൽ രേഖപ്പെടുത്തപ്പെട്ട അതിന്റെ വില മനസ്സിന്റെ കാൽക്കുലേറ്ററിൽ സൗദി റിയാലിലേക്കും, ഇന്ത്യൻ രൂപയിലേക്കും കൺവേർട്ട് ചെയ്തപ്പോൾ കൈ പൊള്ളാതിരുന്നില്ല.... ഞാനിപ്പോൾ ആ പുസ്തകം കണ്ടവനും, കൈകൊണ്ട് തൊട്ടവനുമാണെന്ന് സമാശ്വസിച്ചു.

## കയ്റോയിലേക്ക്:

അലക്സാണ്ട്രിയ പട്ടണത്തിൽ നിന്നും ഇജിപ്ഷ്യൻ തലസ്ഥാനമായ കയ്റോയിലേക്ക് രണ്ടു റോഡുകളുണ്ട്. ഒന്ന് ഗ്രാമങ്ങളെ തൊട്ടുരുമ്മി പോകുന്ന പഴയ റോഡ്, ഡെസേർട്ട് റോഡ് (ത്വരീഖ് സ്വഹ്റാവി) എന്നറിയപ്പെടുന്ന പുതിയ റോഡും ഈജിപ്ഷ്യൻ ഗ്രാമീണതയെ തൊട്ടറിയണമെന്ന ആഗ്രഹമുണ്ടായിരുന്നുവെങ്കിലും കൂടുതൽ സുരക്ഷിതം എന്നതിനാൽ പുതിയ മാർഗം തിരഞ്ഞെടുക്കുകയാണ് നല്ലതെന്ന് ആതിഥേയൻ പറഞ്ഞു.

ഡെസേർട്ട് റോഡിന്റെ രൂപഭംഗിയും, തിക വൊത്ത സംവിധാനവും എടുത്തു പറയേണ്ടതാണ്. സുഖദായകമായ, ആയാസരഹിതമായൊരു കാർ യാത്രക്ക് ഈ എക്സ്പ്രസ് റോഡിനോട് നന്ദി പറയാതെ വയ്യ. ബിൽ ഓഫ് ടാക്സ് (B.O.T.) അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ട ഈ റോഡ് മരുഭൂമിയുടെ ഊഷരതയിലൂടെയായിരുന്നു കടന്നുപോയിരുന്നത്. അങ്ങനെയാണിതിന് മരുഭൂപാതയെന്ന പേരുവന്നത്. എന്നാൽ ആ പാതക്കിരുവശവും ഇന്ന് ഹരിതാഭമാണ്! ഹെക്റ്ററുകൾ നീണ്ടുകിടക്കുന്ന വാഴത്തോട്ടവും, മാമ്പഴത്തോട്ടങ്ങളും, പേരറിയാത്ത ഒരുപാടു വൃക്ഷങ്ങളും നയനാനന്ദകരമായ ദൃശ്യം തന്നെയാണ്... തോട്ടങ്ങളിൽ തൊഴിൽ കഴിഞ്ഞ് മടങ്ങുന്ന ഈജിപ്ഷ്യൻ വനിതകൾ കുടകിലെ ഒരു സായാഹ്നത്തെ ഓർമിപ്പിച്ചു.

കേരളത്തിന്റെ ഒച്ചു വേഗതയുടെ വികസനത്തിന് ഹൈ സ്പീഡ് നൽകുമായിരുന്ന എം.കെ. മുനീർ സാഹിബിന്റെ 'എക്സ്പ്രസ്വേ' സംവിധാനത്തെ രാഷ്ട്രീയ താൽപര്യങ്ങളുടെ തീച്ചൂളയിലിട്ടു കരിയിച്ചു കളഞ്ഞ കേരള രാഷ്ട്രീയത്തിന്റെ അൽപത്തത്തെക്കുറിച്ച് സലജ്ജം ഒരു വേള ആലോചിച്ചു.

## കയ്റോയിൽ

കയ്റോ നഗരം ലോകത്തെ ഏറ്റവും ജനസാന്ദ്രമായ പട്ടണങ്ങളിൽ ഒന്നാണ്. നിന്നുതിരിയുവാൻ ഇടമില്ലാത്ത ജീവിതത്തിന്റെ രണ്ടറ്റങ്ങൾ ബന്ധിപ്പിക്കുവാൻ പൊടാപാടുപെടുന്ന മനുഷ്യജന്മങ്ങളുടെ വാസസ്ഥലം. ഫ്ളാറ്റുകളുടെ നഗരം എന്ന് വേണമെങ്കിൽ കയ്റോ നഗരത്തെ വിശേഷിപ്പിക്കാം.... അസഹനീയമായ വാടക നിരക്ക് അൽപവരുമാനക്കാരായ ആളുകളെ ഇടുങ്ങിയ ഫ്ളാറ്റുകളിൽ അഭയം നേടുവാൻ നിർബന്ധിതരാക്കി. ഒരു മുറിയും ഒറ്റ ടോയ്ലെറ്റ് സൗകര്യങ്ങളുമുള്ള ഫ്ളാറ്റുകളിൽ ഒരു പാടുപേരുള്ള കുടുംബം വസിക്കുന്നത് അത്ഭുതത്തോടെയാണ് മനസ്സിലാക്കിയത്. അലക്സാണ്ട്രിയയെപ്പോലെ കയ്റോയിലും ആളുകൾ രാത്രി കഴിച്ചുകൂട്ടുന്നത് നഗരങ്ങളിൽ തന്നെയായിരുന്നു. ഒറ്റ റൂം ഫ്ളാറ്റിന്റെ ശ്വാസം മുട്ടിക്കുന്ന നാലു ചുവരുകളിൽ നിന്നും മോചനം നേടുവാനുള്ള ഒരു തരം 'എസ്കേപ്പിസമാണ്' രാത്രിയിൽ നഗരത്തിൽ രാപ്പാർക്കുന്ന ഈ പുരുഷാരം നടത്തുന്നതെന്നാണ് എന്റെ വിലയിരുത്തൽ. വീടിനകത്തുള്ളവർ പുറത്തുപോകുമ്പോൾ മാത്രം വീട്ടിൽ കയറിവരുവാൻ സാധിക്കുന്ന അസൗകര്യത്തിന്റെ ഒറ്റമുറി 'റിലേ' ജീവിതം!

ബിൻദാരിക്ക് സ്വന്തമായുള്ള ഫ്ളാറ്റിലായിരുന്നു എന്റെ താമസം നഗരകാഴ്ചകളിലൂടെ നടക്കുമ്പോൾ അത്യുച്ചത്തിൽ വിശുദ്ധഖുർആൻ പാരായണം ഉച്ചഭാഷിണിയിലൂടെ കേട്ടു. കുറച്ചു ദിവസങ്ങൾക്ക് മുമ്പ് ഒരു മരണം നടന്ന വീടായിരുന്നു അത്. ബന്ധുക്കളും, സുഹൃത്തുക്കളും വീട്ടിൽ വന്നിട്ടുണ്ട്. ഒന്നിച്ചു ഭക്ഷണം കഴിക്കുന്നുണ്ട്. ഖുർആൻ പാരായണക്കാരന്റെ വേഷവിധാനത്തിൽ നിന്നും, അദ്ദേഹം ഒരു പണ്ഡിതനാണെന്നു ബോധ്യപ്പെട്ടു... അദ്ദേഹത്തെ ഈ ഒരു കർമ്മത്തിനു വേണ്ടി മാത്രം അൽ അസ്ഹറിൽ നിന്നും കൊണ്ടുവന്നതാണത്രെ!

കുറച്ചപ്പുറത്ത്, റോഡിന്നരികിൽ ഒരാൾക്കൂട്ടം. ദഫ് മുട്ടിന്റെ ശബ്ദം അന്തരീക്ഷത്തിൽ അലയടിക്കുന്നുണ്ട്. ബിൻദാരിയുടെ മകൻ അതെന്താണെന്ന് അന്വേഷിച്ചു വന്നു; മസ്റിക്കല്യാണമാണ്. താങ്ങാനാവാത്ത വാടകനിരക്ക് ഒരു കല്യാണമണ്ഡപം അവർക്ക് അപ്രാപ്യമാക്കി. അവർ പൊതുസ്ഥലം ഉപയോഗിച്ചതാണ്.

സൂസൻ നഥാന്റെ 'അദർ സൈഡ് ഓഫ് ഇസ്രായേൽ' എന്ന പുസ്തകത്തിൽ ഇസ്രായേലിലെ അറബ് ഗ്രാമത്തിൽ പൊതുസ്ഥലങ്ങളിൽ കല്യാണാഘോഷം നടത്തുന്നതിനെക്കുറിച്ചും അതിലെ ചടങ്ങുകളുടെ മനോഹാരിതയെക്കുറിച്ചും എഴുതിയിട്ടുണ്ട്. ആ ശൈലിയുടെ ഈജിപ്ഷ്യൻ വകഭേദമാണിത്. വരന്റെ ഗുണഗണങ്ങൾ, വാദ്യോപകരണങ്ങളുടെ സഹായത്തോടെ പാടിവർണിക്കുന്ന പ്രൊഫഷണൽ ഗായകർ ! മസ്റി സ്ത്രീകളുടെ ചടുല നൃത്തവുമുണ്ട്. സദ്യ പൊതുസ്ഥലത്തുവെച്ചു തന്നെ!

ബിൻദാരിയുടെ ഉമ്മയെ സന്ദർശിച്ചു. വീട്ടുവിശേഷങ്ങളും, നാട്ടുവർത്തമാനങ്ങളും അവർ ചോദിച്ചു കൊണ്ടേയിരുന്നു. എന്റെ മകളുടെ കല്ല്യാണം തീരുമാനിച്ചിട്ടുണ്ടെന്നറിയിച്ചപ്പോൾ ആ മാതൃത്വം കൂടുതൽ വാചാലമായി. മോൾക്ക് എന്താണു സമ്മാനമായി കെടുക്കുന്നതെന്ന ചോദ്യം കൂടെ വന്നു. പെൺമക്കളുടെ സുരക്ഷിതത്വം ലോകത്തെ എല്ലാ ഉമ്മമാരെയും ഒരു പോലെ ഉൽകണ്ഠാകുലരാക്കുമെന്ന് ഞാൻ തിരിച്ചറിയുകയായിരുന്നു.

ഈജിപ്തിലെ യുവാക്കളിൽ മിക്കവരുടെയും സ്വപ്നങ്ങൾ അതിരിടുന്നത് ഒരു ഫ്ളാറ്റ് എന്ന പരമാവധിയിലാണ്. വിവാഹം എന്ന സ്വപ്നം സാക്ഷാൽക്കരിക്കപ്പെടണമെങ്കിൽ ഒരു മിസറി യുവാവിന് വാടകക്കെങ്കിലും ഒരു ഫ്ളാറ്റ് ഉണ്ടായിരിക്കണം!

ലോകത്തെ ഏതു മുക്കിലും മൂലയിലും മലയാളി സാന്നിധ്യമുണ്ടാകുമെന്നത് അതിശയോക്തി കലർന്ന പ്രസ്താവമല്ലല്ലൊ. നീൽ ആംസ്ട്രോങ്ങ് ചന്ദ്രനിൽ കാലുകുത്തിയപ്പോൾ അവിടെ ചന്ദ്രൻചേട്ടന്റെ തട്ടുകടയുണ്ടായിരുന്നുവെന്ന ഫലിതത്തിന് ഒരു ഗൗരവഭാവത്തിന്റെ മേമ്പൊടി ചേർക്കാം. കാപ്പിരികളുടെ നാട്ടിൽ ചെന്നപ്പോൾ അവിടുത്തെ ചായക്കടയിൽ പണിയെടുക്കുന്ന മലയാളിയെ കണ്ട കാര്യം പൊറ്റെക്കാട് എഴുതിയിട്ടുണ്ട്.

എന്റെ കണ്ണുകൾ ഒരു മലയാളിയെ തേടിയിരുന്നു. അസ്ഹർ യൂനിവേഴ്സ്റ്റിക്ക് എതിർവശം ഒരു വലിയ സൈൻബോർഡ് കണ്ടു... അതിൽ വലിയ അക്ഷരങ്ങളിൽ എഴുതിവെച്ചിരിക്കുന്നു; 'Site for Lulu Hypermarket' തട്ടുകട എന്ന സങ്കൽപ്പത്തിൽ നിന്നുള്ള മലയാളിയുടെ വികാസ പരിണാമം അനേകം തട്ടുകളുള്ള വൻ വ്യാപാര സമുച്ചയത്തിലെത്തിനൽക്കുന്ന സംഭവകാലം ആനന്ദകരമാണ്. മലയാളത്തത്തിൽ അഭിമാനം കൊണ്ട മറ്റൊരു മുഹൂർത്തം!!! യൂസുഫ് നബി വ്യാപാരം ചെയ്ത നാട്ടിൽ നാട്ടികക്കാരനായ യൂസുഫലി കച്ചവടത്തിനെത്തുന്നു....

തിരക്കേറിയ പാതയോരത്തുകൂടി നടക്കുമ്പോൾ ഒരു വിസിലടികേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ വാഹനമോടിക്കുന്ന ഒരു സ്ത്രീ ഡ്രൈവിങ്ങിൽ പിഴവു വരുത്തിയ മുൻപിലുള്ള വാഹനത്തിലെ ഡ്രൈവറോട് വിസിലടിച്ച് ശ്രദ്ധ ക്ഷണിച്ച് കയർക്കുകയാണ്. ഈജിപ്ഷൻ വനിതകൾ പൊതുവെ തന്റേടികളാണ്. പർദ്ദ ധാരിണികളും, ഫാഷൻ ഡ്രസ് ധരിച്ച പെണ്ണുങ്ങളുമൊക്കെ പക്ഷെ സുധീരരും, അവകാശ ബോധമുള്ളവരുമാണ്. കടകളിൽ ചെന്ന് തർക്കിക്കുന്നവർ.... ഏതു പാതിരാത്രിക്കും ഭയമേതുമില്ലാതെ സഞ്ചരിക്കുന്നവർ. മിക്ക സ്ത്രീകളും ജോലി ചെയ്യുന്നവരാണ്. നഗരത്തിലെ വിവിധ കച്ചവട കേന്ദ്രങ്ങളിലും, ഹോട്ടലുകളിലുമൊക്കെ യുവതികളും, കൗമാരക്കാരികളും ജോലിചെയ്യുന്നതു കണ്ടു. സ്കൂൾ വെക്കേഷൻ കാലയളവിൽ ജോലിചെയ്യുവാൻ താൽക്കാലികാടിസ്ഥാനത്തിൽ ഹയർ ചെയ്യപ്പെട്ടവരാണിവർ. ●

## റിയാദ് കെ.എം.സി.സി സോക്കർ 2012 ഫുട്ബോൾ മത്സരത്തിലെ ഉദ്ഘാടന വേദിയിലെയും ഗ്രൗണ്ടിലെയും വിവിധ ദൃശ്യങ്ങൾ










By: Raoof Irumbuzhi

# Muslim League At A Glance -I

Sir Sayed and His Visions



Born on 17th October 1817 in Delhi, Sir Sayed Ahmed Khan was the well-known reformer of 19th century. Whenever we seek the man behind educational and political advancement of Muslims in present India, we no doubt reach at this great personality of the history. That assisted the Muslim minority so as to escape from the depth of ignorance was his splendid visionary. He was called by Mahatma Gandhi as a *Prophet of Education*. The first Prime Minister of India Mr. Jawaharlal Nehru (1889- 1964) said "Sir Sayyid was an ardent reformer and he wanted to reconcile modern scientific thought with religion by rationalistic interpretations and not by attacking basic belief. He was anxious to push new education. He was in no way communally separatist. Repeatedly he emphasized that religious differences should have no political and national significance".

As far as Muslims in pre-independent India are concerned, they were waging persistent battles against the British sovereignty. In several part of India they, the Muslims, restlessly agitated against foreign forces. In Malabar region, The Muslims were in severe fighting for about four and half century long term. The Muslims of Malabar initiated this state of anti-colonial war from the Vasco da Gama (1460-1524) from Portugal and his co-travellers reached at Calicut on May 20, 1498 and continued this situation till the midnight of freedom of mother land from British whip-hand. Written the authentic history at the very first regarding of the advent of Islam to India and the situation of believers under the tremendous colonial assaults, Mr. Shaik Zainudheen Makhdoom II (R) very woefully has explained about colonial barbarities in his book *Tuhfat Al Muahidin Fi Bad akhbar al Burtughaliyyin* (tribute to the Holy Warriors in respect of a brief account of the Portuguese)

In general, the Indian Muslims were in serious struggle against British raj after Sirajuddaula nawab of Bengal was defeated in the Battle of Plassey (23 June 1757) and Bahadur Shah Zafar [1775-1862] the last Mughal king was exiled to Rangoon (now Yangon), Burma (now Myanmar), in 1858 where he lived his last five years and died in 1862 at the age of 87. In addition to this, the Muslims of India potentially annunciated due to intensity of aversion towards the foreigners that learning English is *haraam* (prohibited) and boycotted English education. In the same time itself, the Muslims were pitilessly oppressed and crushed by British aggressors. For the reason that decades-long conflict, The Muslims lost their power, riches and forwardness as well as so many valuable lives and their farms, business and not even excluding of their ultimate being were put in confusions.

These unhappy occurrences alarmed Mr. Sir Sayed Ahmed Khan a lot. Among the problems



which preoccupied him most intensely was, naturally enough, the question of the future of the Muslims. He, who motivated by Shah Waliullah Muhaddith Dehlvi (February 21, 1703 August 20, 1762) who was a famous Islamic scholar and remarkable reformer to appear during the period of Muslim decline loudly declared "Oh my bothers, stop these extreme stupidities" he continued "this order-less activities will not lead us to ultimate aim. Our struggles as these are totally leading to endless destructions. Let us march together to peace and Equanimity. Let us give the way of war up and find out the way co-operation. The modern education as it is of British nowadays is not to winnow out at all. We have to at any rate obtain it. And we ought to avail ourselves of likeliness of the modern politics in the very closest future. And we must be very well aware of that without these two most important things we are not able to get away out of this predicament". He had always believed that without a stimulating clash of opinions and views there never can be at all intellectual progress in Muslim society.

Somebody might raise the question how could he in distinction from all other Muslim leaders of that time make such a statement to a community imbued with enthusiasm in order to spifflicate the British pongos?. The answer is very crystal clear. Served as employee in judiciary under the auspices of British government Mr. Sir Sayed earnestly was ever so aware of strength-secret of Europe. (it reflects on fact that the major reason for our defeats in many struggles which done by us in history is our ignorance pertaining to force of foemen) Mr. Sir Sayed was able attain this arcanum of triumph of the alien force during his visit to England. He portrayed the University of Oxford and University of Cambridge (Established c. 1209) "the institutes which produce new generations of ability so as to conquer the world". With objective of rendering the modern education to community he set out Muhammedan Anglo-Oriental College (or) later became Aligarh Muslim University in 1920, in 1875 at Aligarh and founded All India Muhammadan Educational Conference in 1886. In a letter to Nawab Salar Jung he wrote about MAO College that this collage is in model of Oxford and Cambridge Universities and the products of our collage should be of having same quality of students of these both universities.

The opinion made by Mr. Inder Kumar Gujral, Former Prime Minister of India about Sir Sayed is that noteworthy "Sir Saiyad's vision and his laborious efforts to meet the demands of challenging times are highly commendable. The dark post 1857 era was indeed hopeless and only men like Raja Mohan Roy and Sir Saiyad could penetrate through its thick veil to visualize the Nation's destinies. They rightly believed that the past had its merits and its legacies were valuable but it was the future that a society was called upon to cope with. I offer my homage to Sir Saiyad for his vision and courage that withstood all obstructions both from the friends and the foes". Passed away on March 27, 1898 Aligarh in British India left a message to boys and girls in end of his life "I know how difficult it is to standup against selfish motivation. It is exactly the thing I have fought against and I want you to stand once again. Stand erect, be counted and that time I would like you to bow before Almighty Allah. Pray for my soul and pray for the success of the mission that I had undertaken"

نہ ہوتا ب پرواز گر آسماں تک
تواں تک اڑیں ہو رسائی جہاں تک

*If one has no power to touch the sky*
*One should fly to the extent of his strength.*

# ചാറ്റിങ്ങിലെ ചതിക്കുഴികൾ

എ. അബ്ദുൽഖാദർ, പനങ്ങാങ്ങര, ദമാം



നമ്മുടെ കൗമാര പ്രായക്കാരിലും യുവസമൂഹത്തിലും നൂതന വിവര സാങ്കേതിക വിദ്യകൾ അതിന്റെ ഗുണപരമായ വളർച്ചയിലേക്ക് നയിക്കുന്നതിന് പകരം പലപ്പോഴും നാമറിയാത്ത വഴികളിലേക്ക് എത്തിച്ചേരുകയും പിന്നീട് അതിന്റെ ദുരന്തഫലം ഏറ്റുവാങ്ങേണ്ടിവരികയും ചെയ്യുന്ന സ്ഥിതി വിശേഷം വ്യാപകമായിരിക്കുന്നു. ഇന്റർനെറ്റും മൊബൈലും ലഹരിയായി മാറുന്നു. ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ അപകടങ്ങളെക്കുറിച്ച് നാം ബോധവാന്മാരാകേണ്ടിയിരിക്കുന്നു.

★ ★ ★ ★ ★

ഡിഗ്രി വിദ്യാർത്ഥിയായ ആൺകുട്ടിയും, +2 വിദ്യാർത്ഥിയായ പെൺകുട്ടിയും ചാറ്റിങ്ങിലൂടെ പരസ്പരം ഐഡന്റിറ്റി വെളിപ്പെടുത്താതെ സുഹൃത്തുക്കളായപ്പോൾ. പരസ്പരം കാണേണ്ടതില്ല എന്ന കരാറുണ്ടായിരുന്നു. ദിവസങ്ങൾ കഴിഞ്ഞപ്പോൾ ചാറ്റിംഗിന് സമയം കൂടിവന്നു. സംഭാഷണം എന്നതിനപ്പുറം പരസ്പരം കണ്ട് മുട്ടുവാൻ അതിയായ ആഗ്രഹം! ഒരു ദിവസം ആൺകുട്ടിയുടെ നിർബന്ധത്തിന് വഴങ്ങി പെൺകുട്ടിക്ക് ആദ്യതീരുമാനം മാറ്റേണ്ടിവന്നു. പരസ്പരം നേരിൽ കാണാൻ ടൗണിലെ ഇന്റനെറ്റ് കഫേയിൽ എത്തിച്ചേരാൻ സമയം നിശ്ചയിച്ചു. ധാരണയുടെ അടിസ്ഥാനത്തിൽ 5-ാം നമ്പർ കാബിനിൽ തന്റെ ചാറ്റിംഗ് സഖിയെ കണ്ട് ആൺകുട്ടി ഞെട്ടി അഞ്ചാം കാബിനിൽ സ്വന്തം 'സഹോദരി'!.

★ ★ ★ ★ ★

രണ്ട് വർഷത്തെ ഗൾഫ് ജീവിതത്തിന് ശേഷം 3 മാസത്തെ ലീവിൽ സലീം നാട്ടിലെത്തി. തനിക്കായി വീട്ടുകാരുടെ അഭിപ്രായത്താൽ അറിയാവുന്ന ബന്ധത്തിലെ പെൺകുട്ടിയെ വിവാഹം ചെയ്തു. സൽക്കാരങ്ങളും, ടൂറുകളും എല്ലാം കഴിഞ്ഞ് അവധി തീർന്നപ്പോൾ ഗൾഫിലേക്ക് മടങ്ങുകയും ചെയ്തു. കുടുംബമില്ലാത്ത വിരഹത്തിന്ന് മോചനം നേടാൻ VIOPകോളുകളെ ആശ്രയിച്ചു. മാസങ്ങൾ കഴിഞ്ഞപ്പോഴാണ് വീഡിയോ ചാറ്റിംഗിന് സൗകര്യം ലഭിച്ചത്. വീട്ടിലും ഒരു ഇന്റർനെറ്റ് കണക്ഷൻ തരപ്പെടുത്തി നിരന്തരം നേരിൽ കാണാൻ അവസരമൊരുക്കി. മുഖം മാത്രം കണ്ടാൽപോരാ എന്നായി. പ്രിയതമയോട് 360 ഡിഗ്രിയിൽ കറങ്ങുന്ന വീഡിയോ ക്യാമറയിൽ ശരീരത്തിലെ രഹസ്യഭാഗങ്ങളും കാണിക്കാൻ ആവശ്യപ്പെട്ടു. മാസങ്ങൾ പിന്നിട്ട് ഒരു ദിവസം സുഹൃത്തുക്കളുടെ പരിഹസിക്കുന്ന സംസാരം കേട്ടപ്പോൾ സലീമിന് ആദ്യം വിശ്വസിക്കാനായില്ല. നെറ്റിൽ എത്തി അതിന്റെ അകത്തളങ്ങളിലൂടെ സഞ്ചരിച്ചപ്പോൾ മലയാളം സംസാരിക്കുന്ന Porn Video കണ്ട് ഞെട്ടി. താൻമാത്രം രഹസ്യമായി കണ്ടാസ്വദിച്ച തന്റെ ഭാര്യയുടെ നഗ്ന വീഡിയോ ആർക്കും കാണാവുന്ന തരത്തിൽ ഇന്റർനെറ്റിൽ!?

മേൽ പറഞ്ഞ 2 കഥകളും അസംഭവ്യമാണോ? അല്ലെന്ന് ആധുനിക വിവര സാങ്കേതിക വിദ്യയെ കുറിച്ച് അറിവുള്ള ഏതൊരാൾക്കുമറിയാം. ലാന്റ് ഫോണിലും റേഡിയോയിലും ദൂരദർശനിലും മാത്രമായിരുന്ന നമ്മുടെ ആശയ വിനിമയ സൗകര്യങ്ങൾ പുതിയ കാലത്ത് നൂതനമായതും വിലകുറഞ്ഞതുമായ പുതിയ സൗകര്യങ്ങളോടെ നമ്മുടെ മുമ്പിലെത്തുമ്പോൾ അതിൽ ഒളിഞ്ഞിരിക്കുന്ന അപകട മേഖലയെ നാം തിരിച്ചറിയേണ്ടതുണ്ട്.

കുട്ടികൾ ആവശ്യപ്പെടുന്നതെന്തും വാങ്ങിക്കൊടുക്കുന്നത് ചില രക്ഷിതാക്കളുടെ ഹോബിയാണ്. ആവശ്യവും അനാവശ്യവും തിരിച്ചറിയാതെ കുട്ടികളോടുള്ള സ്നേഹക്കൂടുതൽ പലപ്പോഴും അവർക്ക് വിനയാകാറുണ്ട്. പഴയകാല പ്രവാസികൾ തങ്ങൾക്ക് ലഭിക്കാത്തത് മക്കൾക്കെങ്കിലും ലഭിക്കാൻ അഹോരാത്രം ശ്രമിക്കുന്നവരാണ്. ചോദിക്കുന്നതിന് മുമ്പേ അനാവശ്യങ്ങൾക്ക് പണം വാരിയെറിയുന്ന ചില പ്രവാസികൾ ചിന്തിക്കാൻ സമയമായിരിക്കുന്നു.

തങ്ങളുടെ പഠനാവശ്യാർത്ഥം എന്ന വ്യാജേന പലതും നേടിയെടുക്കുന്ന കുട്ടികൾ ലാപ്ടോപും ഇന്റർനെറ്റും ഒരു പരിധിയുമില്ലാതെ ഉപയോഗിക്കുന്നത് രക്ഷിതാക്കൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. വിവര സാങ്കേതിക വിദ്യയെകുറിച്ച് അവഗാഹമില്ലാത്തവരുടെ മക്കളാണ് കൂടുതലും ഇത്തരത്തിൽ സമയം ചിലഴിക്കുന്നത്. കൗമാര പ്രായക്കാരായ കുട്ടികൾ സുഹൃത്തുക്കളിലൂടെ വൈകാതെ തന്നെ അശ്ലീല വഴിയിലെത്തിച്ചേരുന്നു. സഹൃത്തുക്കളുടെ സഹകരണത്തോടെ നിരവധി Social Network സൈറ്റുകൾ സന്ദർശിക്കുകയും പിന്നീട് ഇവയുടെ അടിമകളായി മാറുകയും ചെയ്യുന്നു. പഠിക്കാനെന്നപേരിൽ റൂമിന്റെ വാതിലടച്ച് രാത്രി മുഴുവൻ ഇന്റർനെറ്റിൽ കഴിയുന്നു.

സോഷ്യൽ നെറ്റ്വർക്കുകളിലൂടെ നമുക്ക് വിദേശത്തുള്ളവരെ സുഹൃത്താക്കാനും നമ്മുടെ ആശയങ്ങൾ അവരുമായി പങ്കുവെക്കാനും സാധിക്കുന്നു. എന്നാൽ അതിലേറെ ദുരുപയോഗം ഈ രംഗത്ത് ഒളിഞ്ഞിരിക്കുന്നു എന്നത് കൊണ്ട് കർശനമായ ബോധവത്കരണവും നിയന്ത്രണവും ആവശ്യമാണ്. ദുരുപയോഗം മാത്രം ലക്ഷ്യമാക്കി ചാറ്റിംഗിനെത്തുന്നവരും Hackers ഗ്രൂപ്പും എല്ലാം വലവീശി കാത്തിരിക്കുന്നതും തങ്ങൾക്ക് വേണ്ട ഒരു നഗ്ന ഫോട്ടോ, അന്യസ്ത്രീകളുടെയോ ദമ്പതികളുടെയോ മധുര സംഭാഷണം എന്നിവക്ക് മാത്രം വേണ്ടിയാണ്.

നമ്മുടെ വിദ്ധികളായ പുതിയ കൗമാരപ്രായക്കാർ ഇത്തരം ചതികളിലകപ്പെടുകയും അവസാനം ജീവിതം മുഴുവൻ ഖേദിക്കേണ്ടി വരികയും ചെയ്യുന്നു.

കേരളത്തിൽ നമ്മുടെ Cyber Police നടത്തിയ അന്വേഷണത്തിൽ 25 വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ വിളിപ്പിച്ചു. ഇവരുടെ മക്കളുടെ പേരിൽ Cyber Police രജിസ്റ്റർ ചെയ്ത കേസ് കേട്ടാൽ നാം അത്ഭുതപ്പെടും ദിവസവും സ്ഥിരമായി ഈ വിദ്യാർത്ഥികൾ Porn Site സന്ദർശിക്കുന്നു. കേവലം 25 കുട്ടികൾക്ക് മുന്നറിയിപ്പ് എന്ന ഉദ്ദേശത്തോടെയാണ് ഇവരുടെ പേരിൽ നടപടിയെടുത്തത്.

ലോകത്തിലെ ഏറ്റവും വലിയ വീഡിയോ പോർട്ടൽ എന്നറിയപ്പെടുന്ന യൂടൂബിൽ പ്രചരിച്ച ഒരു ഓഡിയോ അടങ്ങിയ ടെലിഫോൺ സംഭാഷണത്തിൽ മലബാറിലെ ഒരു കൗമാരക്കാരി ചാറ്റിങ്ങിലൂടെ പരിചയപ്പെട്ട ഒരു യുവാവുമായി വികലമായ രീതിയിൽ ലൈംഗിക ഭാഷണം നടത്തുന്നത് ലോകം കണ്ടു. ആരും കേൾക്കില്ലെന്ന് കരുതി ഇവർ നടത്തിയ രഹസ്യ സംഭാഷണം വലവിരിച്ച് നടന്ന യുയാവ് റിക്കാർഡ് ചെയ്ത് ലോകത്തെ കേൾപ്പിക്കുകയായിരുന്നു. സോഷ്യൽ നെറ്റ്വർക്ക് സൈറ്റിൽ ചാറ്റിങ്ങിലൂടെ വിഹരിച്ച് നടക്കുന്ന നമ്മിൽ പലർക്കും അറിയാത്ത ഒരു കാര്യമുണ്ട്. നിങ്ങളുടെ ഫോട്ടോയോ, ശബ്ദമോ, വീഡിയോയോ ആരെങ്കിലും ദുരുപയോഗം ചെയ്താൽ സെർവർ ഓണേർസ് അതിന്റെ ഉത്തരവാദികളല്ല. അത്കൊണ്ട് നമ്മുടെയും കുടുംബത്തിന്റെയും സുരക്ഷ ഉറപ്പ് വരുത്തേണ്ടതിൽ ശ്രദ്ധിക്കേണ്ടത് നമ്മൾ തന്നെയാണ്. യാതൊരു മാനദണ്ഡവുമില്ലാതെ നെറ്റിലും ചാറ്റിലും യഥേഷ്ടം വിഹരിക്കുന്ന നമ്മുടെ സഹോദരിമാരെ നിയന്ത്രിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അല്ലെങ്കിൽ നാം അതിന് വലിയ വില നൽകേണ്ടിവരും. ●



# കുഞ്ഞുങ്ങളിലെ ജന്മ വൈകല്യങ്ങളും അമ്മമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളും

**ഇന്ത്യയിൽ ജനിക്കുന്ന കുട്ടികളിൽ 2-5% ജന്മവൈകല്യം ഉള്ളവരാണ് ഹൃദയം, തലച്ചോറ്, കാഴ്ച, കേൾവി എന്നിവയ്ക്കാണ് സാധാരണ വൈകല്യം സംഭവിക്കുന്നത്. തലച്ചോറിന്റെ തകരാറു മൂലമുണ്ടാകുന്ന പെരുമാറ്റ വൈകല്യങ്ങളും ഇതിലുൾപ്പെടുന്നു.**

ജന്മ വൈകല്യമുള്ള കുട്ടികൾ ജനിക്കാൻ സാധ്യതയുള്ള സാഹചര്യങ്ങൾ താഴെ പറുന്നവയാണ്.

1. അമ്മയുടെ പ്രായം 35 വയസ്സിന് മുകളിൽ
2. മുൻ പ്രസവത്തിൽ ജന്മവൈകല്യമുള്ള കുഞ്ഞ് ജനിച്ചിട്ടുണ്ടെങ്കിൽ
3. അടുത്ത ബന്ധുക്കൾക്ക് ജന്മവൈകല്യമുള്ള കുട്ടികൾ ഉണ്ടെങ്കിൽ
4. തുടർച്ചയായി അബോർഷൻ സംഭവിച്ച അമ്മമാരിൽ
5. അമ്മയ്ക്ക് പ്രമേഹമോ, അപസ്മാരമോ, ജന്മനാ ഉള്ള ഹൃദ്രോഗമോ ഉണ്ടെങ്കിൽ
6. മാതാപിതാക്കൾ അടുത്ത രക്തബന്ധം ഉള്ളവരാണെങ്കിൽ
7. ഗർഭധാരണത്തിന്റെ ആദ്യ ആഴ്ചകളിൽ ചിലമരുന്നുകൾ കഴിച്ചവർ, എക്സ്റേ പരിശോധനകൾ നടത്തിയവർ, ഹെർപിസ്, ജർമ്മൻ മീസിൽസ് തുടങ്ങിയ അസുഖങ്ങൾ പിടിക്കപ്പെട്ടവർ.

1000 ത്തിൽ എട്ടുപേർക്ക് ജനിതക തകരാറുമൂലം ജന്മ വൈകല്യമുണ്ടാകുന്നു.

മുൻപ് പറഞ്ഞ ഗ്രൂപ്പിൽപെടുന്ന സ്ത്രീകൾ ഗർഭധാരണത്തിന് തയ്യാറാകുന്നതിന് മുമ്പ് തന്നെ ഡോക്ടറുടെ ഉപദേശം തേടേണ്ടതാണ്.

പ്രമേഹ രോഗികൾ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രണത്തിലാക്കിയതിനുശേഷം മാത്രം ഗർഭധാരണത്തെപറ്റി ചിന്തിക്കുക. അപസ്മാരത്തിന് കഴിക്കുന്ന പല മരുന്നുകളും ജന്മവൈകല്യങ്ങൾക്ക് കാരണമാകാറുണ്ട്. ഇവരിൽ പലപ്പോഴും കുറഞ്ഞ ഡോസിൽ മരുന്ന് നൽകാനും മരുന്നുകൾ മാറ്റി നൽകാനും ഡോക്ടർമാർ ശ്രമിക്കാറുണ്ട്.

മുൻകൂട്ടി പ്രതിരോധ കുത്തിവെപ്പ് എടുത്താൽ ജർമൻ മീസിൽസ് (റുബെല്ല) ഒഴിവാക്കാം.

ഗർഭാവസ്ഥയിൽ വളർത്തുമൃഗങ്ങളുമായുള്ള ഇടപെടൽ കഴിവതും ഒഴിവാക്കുക. കീടനാശിനി മരുന്നുകളുടെ ഉപയോഗവും ഒഴിവാക്കുക.

ഗർഭാവസ്ഥയുടെ ആദ്യത്തെ 18 ദിവസത്തിനുള്ളിൽ ഭ്രൂണത്തിന്റെ നാഡീവ്യൂഹകോശങ്ങൾ രൂപപ്പെടുന്നു. അതായത് ഒരു സ്ത്രീ താൻ ഗർഭിണിയാണെന്ന് അറിയുന്നതിന് മുമ്പ് തന്നെ കുഞ്ഞിന്റെ നാഡീവ്യൂഹത്തിന്റെ അടിത്തറ പൂർത്തിയാക്കുന്നു. ഈ സമയത്തുണ്ടാകുന്ന ചില അസുഖങ്ങളും കഴിക്കുന്ന മരുന്നുകളും ഇതിന്റെ ഘടനയെ, പിന്നീടുള്ള വളർച്ചയെ ബാധിക്കും. ഫോളിക് ആസിഡ് എന്ന വിറ്റാമിൻ ഗുളിക ഗർഭാരംഭത്തിന് മുമ്പേ കഴിച്ചാൽ നാഡീ വ്യൂഹത്തിന്റെ വൈകല്യങ്ങൾ കുറയ്ക്കാൻ സാധിക്കും.

ഗർഭധാരണത്തിന്റെ ആദ്യ 8 മുതൽ 12 ആഴ്ചകൾക്ക് ഉള്ളിൽ ഭ്രൂണത്തിന്റെ ഹൃദയം രൂപപ്പെടും. ഈ സമയത്തുണ്ടാകുന്ന റുബെല്ല തുടങ്ങിയ രോഗങ്ങൾ കുഞ്ഞുങ്ങളിലെ ഹൃദയവൈകല്യങ്ങൾക്ക് കാരണമായേക്കും.

ഡൗൺ സിൻട്രോം (മംഗോളിസം), ടർണർ സിൻട്രോം തുടങ്ങിയ ജനിതക പ്രശ്നങ്ങളും ബുദ്ധിമാന്ദ്യത്തിനോടൊപ്പം ഹൃദയവൈകല്യങ്ങളും ഉണ്ടാക്കുന്നു. ഈ അസുഖങ്ങൾ ചിലപ്രത്യേക ക്രോമസോമുകളുടെ ഘടനയിലുള്ള വ്യതിയാനം മൂലമാണ്.

### ഗർഭാവസ്ഥയിലെ രോഗനിർണയം

ജനിതക വൈകല്യം മൂലം തകരാർ സംഭവിക്കാൻ സാധ്യതയുള്ള സ്ത്രീകളിൽ ഗർഭാവസ്ഥയിൽ തന്നെ അസുഖം കണ്ടുപിടിക്കാൻ മാർഗ്ഗങ്ങളുണ്ട്.

ആദ്യ ആഴ്ചകളിൽ അൾട്രാസൗണ്ട് സ്കാനിംഗ് നടത്തിയാൽ ഒരുപരിധിവരെ ഇവ കണ്ടുപിടിക്കാം. ഗർഭസ്ഥ ശിശുവിന്റെ ശരീരത്തിൽ നിന്നും പ്ലാസന്റയിൽ നിന്നും അമ്മയുടെ ശരീരത്തിലെ ആമ്നോട്ടിക്ക് ദ്രവത്തിലേക്കും കലരുന്ന ചില ഹോർമോണുകളുടെയും പ്രോട്ടിനുകളുടേയും അളവുകൾകൊണ്ടും ഇത് കണ്ടുപിടിക്കാം. ആമ്നോട്ടിക്ക് ദ്രാവകത്തിലുള്ള ഭ്രൂണത്തിന്റെ കോശങ്ങളുടെ പ്രതിരോധന വഴിയും ജനിതക വൈകല്യങ്ങൾ കണ്ടുപിടിക്കാം.

ജനിതക തകരാറുകൾ ഒഴിച്ച് മറ്റുപല വൈകല്യങ്ങളും ഗർഭാവസ്ഥയിൽ തന്നെ ചികിത്സിക്കാനുള്ള അനവധി സാധ്യതകൾ ഇന്നുണ്ട്. നമ്മുടെ നാട്ടിൽ ഈ സംവിധാനങ്ങൾ അത്രത്തോളം പുരോഗമിച്ചിട്ടില്ല.

വൈകല്യമുള്ള കുഞ്ഞുങ്ങൾ ജനിച്ചാൽ സാധാരണ ജീവിതം നയിക്കാനുള്ള സാധ്യതകുറവാണ്. സാധാരണ ജീവിതത്തിന് തടസ്സമാകുന്ന ഗൗരവമേറിയ വൈകല്യങ്ങൾ കണ്ടെത്തിയാൽ ഗർഭത്തിന്റെ ആദ്യമൂന്നുമാസങ്ങളിൽ അബോർഷൻ നടത്താൻ ഡോക്ടർമാർ നിർദ്ദേശിക്കുന്നു.

ഗർഭാവസ്ഥയിൽ വൈകല്യങ്ങൾ കണ്ടുപിടിച്ചാൽ തുടർന്ന് വരുന്ന പരിശോധനകളും ചികിത്സയും എല്ലാ സൗകര്യങ്ങളുമുള്ള ഒരു നല്ല ഹോസ്പിറ്റലിൽ നടത്തണം. ചില ഹൃദയ വൈകല്യങ്ങൾ, മൂത്രനാളികളിലെ തകരാറുകൾ എന്നിവ പ്രസവ ശേഷം ശസ്ത്രക്രിയ വഴി ശരിയാക്കാം.

മാതാപിതാക്കളും ഡോക്ടർമാരും കരുതലോടെ ചിന്തിച്ച് പ്രവർത്തിച്ചാൽ കുഞ്ഞുങ്ങളിലെ ജന്മവൈകല്യങ്ങൾ ഒരു പരിധിവരെ നമുക്ക് നിയന്ത്രിക്കാം. ●



# sms കവിതകൾ

യു. ഹസ്സനലി

**പുതുമഴ**
അറിയാതെ പെയ്ത
ആദ്യ മഴയിൽ തന്നെ
കുടയില്ലാതെ
നാം പ്രണയം നനഞ്ഞു

**പാഠം**
കൃത്യതയോടെ
പരത്തിയെടുക്കുന്ന
ചപ്പാത്തിയോ
ചുട്ടെടുക്കുന്ന
പപ്പടമോ അല്ല ജീവിതം

**മാറ്റം**
മക്കൾക്ക്
വലുതാകാൻ മോഹം
രക്ഷിതാക്കൾക്ക്
ചെറുതാകാൻ മോഹം

**കാലം**
പണ്ട്
എല്ലാം മനസിൽ
കുറിച്ചു വെച്ചു.
ഇന്ന്
എല്ലാം
മൊബൈലിൽ
ശേഖരിച്ചു വെയ്ക്കുന്നു.

**മറവി**
പരീക്ഷാ കാലങ്ങളിൽ
എല്ലാം ഓർമിച്ചെടുത്തിരുന്നു.
ഇപ്പോൾ
നിന്റെ
ഇ.മെയിൽ വിലാസം പോലും
മറന്നു.

**അവസ്ഥ**
വീട്
എന്റെ സ്വപ്നം
നിന്റെ തടവറ
അവരുടെ സ്വർഗം



ശംസുദ്ധീൻ ഒഴുകൂർ

# പരീക്ഷയെ പരിചയപ്പെടാം

പരീക്ഷാക്കാലമായി, വിദ്യാർത്ഥികളും രക്ഷിതാക്കളും സമ്മർദ്ദത്തിലാവുക ഇപ്പോഴാണ്; വിശേഷിച്ചും പ്രവാസി കുടുംബങ്ങൾ.

''ഞാൻ കഷ്ടപ്പെട്ടതിന്റെ കണക്ക് എനിക്കറിയാം മാഷെ, എന്റെ കുട്ടിക്കത് വരരുത്'' എന്ന ചിന്തയിൽ കുടുംബ ബഡ്ജറ്റ്പോലും പരിഗണിക്കാതെ പത്തുവർഷമായി മക്കളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഏതു രക്ഷിതാവും ആവശ്യത്തിലധികം സമ്മർദ്ദം കൈമാറുന്നത് സ്വാഭാവികമാണ്.

കുട്ടികൾ വളരുന്നത് അവന്റെ പരിസരത്തിന്റെ ഫലമായി കൂടിയാണെന്ന് നേരത്തെ നാം തിരിച്ചറിഞ്ഞു.

എല്ലാ കുഞ്ഞുങ്ങളും ശുദ്ധ പ്രകൃതിയിലാണ് ജനിക്കുന്നത് അവനെവ്യത്യസ്ത തലങ്ങളിൽ ആക്കിത്തീർക്കുന്നത് അവന്റെ മാതാപിതാക്കളാണെന്ന ആശയത്തിലുള്ള പ്രവാചകാധ്യാപനം നാം ചേർത്തു വായിക്കുക. സമ്മർദ്ദങ്ങളിലൂടെ വളർത്തുന്ന കുട്ടികൾ അതിന്റെ ഫലമായി ലക്ഷ്യത്തിൽ നിന്നകന്നേക്കാം. അത് കുട്ടികളിൽ മാനസിക പിരിമുറുക്കത്തിനും പലവിധ പ്രശ്നങ്ങൾക്കും ഇടയാക്കുകയും ചെയ്യാം. പരീക്ഷാക്കാലത്ത് രക്ഷിതാവിനും കുട്ടിക്കും റോൾ കണ്ടെത്തണം.



**"വലിയ സ്വപ്നങ്ങൾ കാണുക. സ്വപനം ഉറക്കത്തിലല്ല, ഉണർന്നിരിക്കുമ്പോഴാണ് കാണേണ്ടത്. കൗമാരകാലത്ത് നിങ്ങളുടെ സ്വപ്നങ്ങളാണ് പിൽക്കാലത്ത് നിങ്ങൾ എന്താകണമെന്ന് തീരുമാനിക്കുന്നത്**

**(ഡോ. എ.പി.ജെ അബ്ദുൽ കലാം)**

## പരീക്ഷാപ്പേടി:

'പരീക്ഷയ്ക്കു ശേഷം പ്രളയം' എന്നല്ല, ജീവിതത്തിലെ പല പ്രളയങ്ങളിലും തന്നെ മറുകരയെത്തിക്കുന്നത് പരീക്ഷകളാണെന്ന് കുട്ടികൾ തിരിച്ചറിയണം. പരീക്ഷകൾ പൂർണാർത്ഥത്തിൽ നമ്മുടെ കഴിവുകൾ വിലയിരുത്തുന്നില്ല. മത്സരാധിഷ്ഠിത കാലത്ത് പരീക്ഷകൾ അനിവാര്യമായ തിന്മയാണ്. നമ്മുടെ മുമ്പിലെ ആവശ്യത്തെ ലഘുവായി കാണാതെ ദീർഘകാലത്തേക്ക് കാണുമ്പോൾ സ്വപ്നങ്ങളും ലക്ഷ്യങ്ങളും തെളിഞ്ഞു വരും. പത്തും പ്ലസ്ടുവും നേടലല്ല; ജീവിതത്തിൽ പ്രയോജനപ്രദമായി ഒരു തൊഴിലിൽ, കുടുംബ ചുറ്റുപാടിൽ എത്തുന്നതിൽ ഇവ എങ്ങനെസഹായകമാകുന്നുവെന്ന് ചിന്തിക്കുക. പരീക്ഷകൾ ഇവയുടെ ഗേറ്റ്വേകളാണ് പരീക്ഷയെ പേടിക്കേണ്ടിവരുന്നത് കൃത്യമായി അറിയാതെവരുമ്പോഴാണ്. കൊച്ചുകുട്ടികളെ ആഹാരം തീറ്റിക്കാൻ വേണ്ടി ഉമ്മമാർ പേടിപ്പിക്കുന്നത് കുട്ടികൾക്ക് കൃത്യമായി പരിചയപ്പെടാൻ പറ്റാത്ത വസ്തുക്കളെയോ ജീവികളെയോ കുറിച്ച് പറഞ്ഞാണ്. കുട്ടിയത് എന്താണെന്ന് മനസ്സിലാക്കിയാൽ ആ പേടി അവനിൽ നിന്നില്ലാതാകുന്നു. ഇതുതന്നെയാണ് പരീക്ഷാപ്പേടിക്കും കാരണം. പരീക്ഷയിൽ കൃത്യമായി മനസ്സിലാക്കുക മാത്രമാണിതിന് പരിഹാരം.

## പഠിക്കാൻ വേണം ടൈംടേബ്ൾ:

സമയവും തിരമാലയും കാത്തിരിക്കില്ല. ടൈം മാനേജ്മെന്റ് ക്ലാസുകളുടെ കാലമാണിത്. പരീക്ഷാകാലത്ത് സമയക്രമം നിർണയിച്ചുകൊണ്ട് പാഠഭാഗങ്ങൾ റിവിഷൻ നടത്തുക. ഇന്നുമുതൽ ലഭ്യമായ ദിവസങ്ങളെ ഓരോ വിഷയത്തിന്റെയും വെയിറ്റേജ് (പ്രയാസം/ലളിതം) കണക്കാക്കി നിർണയിക്കുക. ഉദാ: ഗണിത ശാസ്ത്രം, ഫിസിക്സ് എന്നിവ ഒരാൾക്ക്

പ്രയാസകരമാണെങ്കിൽ അതിന് കൂടുതൽ ദിവസം നൽകുക. ഇപ്രകാരം ദിവസങ്ങൾ നിർണയിച്ച് റിവിഷൻ നടത്തുക. എത്ര മണിക്കൂർ എന്ന് മുൻകൂട്ടി നിശ്ചയിക്കുക.

### വിദ്യാർത്ഥിയുടെ മുൻഗണനകൾ; രക്ഷിതാവിന്റെയും:

പഠിതാവിന്റെ മുൻഗണനഎവിടെയാണേലും പഠനമാകണം. കല്ല്യാണം, സൽക്കാരം, വിനോദ യാത്ര എന്നിവയെല്ലാം ഇനി പരീക്ഷ കഴിഞ്ഞുമതി. ടി.വി., ഇന്റർനെറ്റ്, മൊബൈൽ മക്കളെ ഇന്ന് അടിമകളാക്കുന്നു. രക്ഷിതാക്കളുടെ പ്രധാന സങ്കടമാണിത്. ആവശ്യത്തിന് ഇവയെല്ലാം വേണം. പക്ഷെ നമ്മുടെ ലക്ഷ്യം നേടുന്നതിന് ഇവയൊന്നും തടസ്സമാകരുത്. അത്യാവശ്യങ്ങൾ നിർവഹിക്കാൻ അപ്രധാനമായ ആവശ്യങ്ങൾ മാറ്റിവെക്കാൻ നമുക്ക് കഴിയണം. ഇവിടെ ശ്രദ്ധിക്കേണ്ടത് മക്കൾ പഠിക്കും നേരത്ത് അപ്പുറത്ത് ടി.വിയാദികൾ ആസ്വദിക്കുന്നത് സുഖകരമല്ല. ഇതിന് കൃത്യമായ സമയക്രമം വീട്ടിൽ പാലിക്കണം, അത് ഏകപക്ഷീയമാകരുത്. കൂട്ടായ ചർച്ചയിലൂടെ വീട്ടിൽ കണ്ടെത്തണം.

### വായനയെന്ന ശക്തി:

വിദ്യാർത്ഥിയുടെ ഉത്തേജകം വായനയാണ്. വരികൾക്കിടയിലൂടെ വായിക്കണം. ദീർഘമായ വായനയല്ല ഹ്രസ്വമായ വായനയാണ് വേണ്ടത്. വായനഇരുപതുമിനിറ്റ് നേരത്തേക്കു ചുരുക്കാം. കുട്ടികൾക്ക് ഏറെ ഇഷ്ടം ഇതാണ് ആദ്യ അഞ്ചുമിനിറ്റ് സമയം വായിക്കുന്ന ഭാഗത്തെ പ്രധാനആശയങ്ങൾ കണ്ടെത്തുക, പ്രധാനപ്പെട്ട ചോദ്യങ്ങൾ കണ്ടെത്തുക. അവ ഒരു പേപ്പറിൽ ലഘുവായി എഴുതുക. തുടർന്ന് 10 മിനിറ്റ് സമയം പ്രധാനാശയം, ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്നിവ തേടിപ്പിടിച്ച് വായിക്കുക. അനുബന്ധ ആശയങ്ങൾ ലിങ്ക് ചെയ്ത് ലഘു സൂചനകൾ എഴുതുക. അവസാനഅഞ്ചുമിനിറ്റ് നേരത്തെ കണ്ടെത്തിയ ചോദ്യങ്ങൾ നോക്കി റിവിഷൻ നടത്തുക. ഏതാണോ മറന്നു പോയത് എന്ന് കണ്ടെത്തി പുനർവായനനടത്തുക. ഓരോ പാഠഭാഗവും ഓരോ പേപ്പറിൽ വരുന്നു. ഗണിതക്രിയകൾ ചെയ്ത് പരിശീലിക്കുക.

### വിശ്വാസം അല്ലേ എല്ലാം:

അതെ സ്വയം വിശ്വസിക്കുക. കഴിവുകളെ കാണുക കുറവുകളിൽ വേവലാതിപ്പെടാതിരിക്കുക. അവ മറികടക്കാൻ ശ്രമിക്കുക. വിക്കുള്ളയാൾ മാർക്കറ്റിംഗ് എക്സിക്യൂട്ടീവായി നിയമിതിനായത് തന്റെ മാനേജർ അയാളെ ഒഴിവാക്കാനായിരുന്നു. പക്ഷെ അയാൾ കൃത്യമായി ടാർജറ്റ് നേടുന്നത് കണ്ട മാനേജർ വിജയ രഹസ്യം ആരാഞ്ഞപ്പോൾ ശരിക്കും ഞെട്ടിപ്പോയി.

"ഞാൻ ഫ്ളാറ്റിന്റെ ബെല്ലടിച്ചയുടനെ എന്നെ പരിചയപ്പെടുത്തും; കമ്പനിയേയും പുസ്തകത്തേയും അതിലെ കണ്ടന്റിനെയും എന്റെ കഴിവിന്റെ പരമാവധി പരിചയപ്പെടുത്തും. എന്റെ വിവരണം തുടരുന്നതിഷ്ടപ്പെടാത്ത ഉപഭോക്താക്കൾ പെട്ടന്ന് പുസ്തകം വാങ്ങി...., തന്റെ കുറവിനെ കഴിവാക്കി യത്നിക്കുന്നുവെന്ന് മുന്നേറാം. നഷ്ടപ്പെട്ടതിനെക്കുറിച്ചല്ല, നേടാനുള്ളതിനെക്കുറിച്ച് ചിന്തിക്കുക. കൃത്യമായ ആസൂത്രണത്തോടെ മുന്നേറുക നിങ്ങൾക്ക് വിജയം സുനിശ്ചിതം.

"വലിയ സ്വപ്നങ്ങൾ കാണുക. സ്വപനം ഉറക്കത്തിലല്ല, ഉണർന്നിരിക്കുമ്പോഴാണ് കാണേണ്ടത്. കൗമാരകാലത്തെനിങ്ങളുടെ സ്വപ്നങ്ങളാണ് പിൽക്കാലത്ത് നിങ്ങൾ എന്താകണമെന്ന് തീരുമാനിക്കുന്നത്"

– ഡോ.എ.പി.ജെ അബ്ദുൽ കലാം.–



## ക്വിസ്.കോം

മാസ്റ്റർ അരിമ്പ്ര മുഹമ്മദ് അമീൻ റിയാദ്

1. 999 വർഷത്തേക്ക് മുല്ലപ്പെരിയാർ ഡാം പാട്ടക്കരാറിന്റെ ഒപ്പു വെച്ചുവെന്ന് പറയപ്പെടുന്ന തിരുവിതാംകൂർ ഭരണാധികാരിയുടെ പേരെന്ത്?
2. അന്റോണിയോ മൈനോ എന്ന വ്യക്തിയെ പ്രശസ്തനാക്കിയ അവരുടെ ഇപ്പോഴത്തെ പേരെന്ത്?
3. 8 കണ്ണുകൾ ഉള്ള ജീവി ഏത്?
4. ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ അഭിനയിച്ച സിനിമയേത്?
5. ഇന്ത്യയിലെ ആദ്യ വനിതാ മുസ്ലിം മുഖ്യമന്ത്രി ആര്?
6. യൂറോപ്പിലെ ആദ്യ മുസ്ലിം രാജ്യം.
7. 'റെഡ് ബുക്ക്' എന്ന പുസ്തകമെഴുതിയത് മാവോസെ-തുങ്ങ് ആണെങ്കിൽ ഗ്രീൻബുക്ക് എഴുതിയതാര്?
8. ഇന്ത്യയുടെയും പാകിസ്ഥാന്റെയും ഇടയിൽ ഓടുന്ന തീവണ്ടിയുടെ പേരെന്ത്?
9. നാം ജനുവരി 26 റിപ്പബ്ലിക് ദിനമാഘോഷിക്കുമ്പോൾ ജനുവരി 26 ദേശീയ ദിനമായി ആഘോഷിക്കുന്ന രാജ്യമേത്?
10. ഇന്ത്യയുടെ ആസൂത്രണക്കമീഷൻ ചെയർമാൻ ആര്?
11. 'മരുഭൂമിയിലെ സിംഹം' എന്ന പേരിലറിയപ്പെടുന്ന പ്രശസ്ത വ്യക്തി ആര്?
12. നാല് വർഷം കൂടുമ്പോൾ മാത്രം ജന്മദിനമാഘോഷിച്ചിരുന്ന ഇന്ത്യൻ പ്രധാനമന്ത്രി ആരായിരുന്നു?.
13. 'യാ അള്ളാ...' എന്ന കവിതാ സമാഹാരത്തിന്റെ കർത്താവ് ആര്?
14. സൈലന്റ് വാലി നാഷണൽ പാർക്കിന് ആ പേര് വരാൻ കാരണമെന്ത്?
15. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വോട്ടർമാർ ഉള്ള ലോക്സഭാ മണ്ഡലമേത്?
16. 'ദൈവത്തിന്റെ സ്വന്തം നാട്' എന്നറിയപ്പെടുന്ന സംസ്ഥാനം കേരളമാണെങ്കിൽ 'ദൈവത്തിന്റെ സ്വന്തം നാട്' എന്നറിയപ്പെടുന്ന രാജ്യമേത്?
17. തുടർച്ചയായി 58 മണിക്കൂർ തബല വായിച്ച് ഗിന്നസ് ബുക്കിൽ ഇടം നേടിയ മലയാളി ആര്?
18. ആദ്യമായി നോബൽ സമ്മാനം നേടിയ മുസ്ലിം വനിത യാര്?
19. ഒരു വ്യാഴവെട്ടമെന്ന് പറയുന്നത് എത്ര വർഷത്തേയാണ്?
20. ആദ്യ മൂന്ന് ടെസ്റ്റിലും സെഞ്ചറി നേടിയ ക്രിക്കറ്റർ ആര്?

ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നമ്പർ ക്രമത്തിൽ അയക്കുക.

**വിലാസം** vachanamkmcc@gmail.com
Fax: 01 4646116



**ജനുവരി ലക്കം കിസ്.കോമിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അബ്ദുൽ അസീസ് കടലുണ്ടി നഗരം, റിയാദ്**

**വചനം ലക്കം 3 ൽ പ്രസിദ്ധീകരിച്ച ചോദ്യങ്ങളുടെ ശരിയുത്തരം**

1.) എം.കെ. സാനുമാഷ്, 2.) കാശ്മീർ, 3.) 354, 4) തൃപ്പൂണിത്തറ 5.) ബിസ്ക്കറ്റ് 6.) ഓന്ത് 7.) ഫിജി 8.) 12 ഇഞ്ച്, 9.) മോണോക്കോ 10.) മുയൽ 11.) പാബ്ലോ പിക്കാസോ 12.) പരുത്തികൃഷി 13.) 18, 14.) പപ്പുന്യൂ ഗിനിയ 15.) പശ്ചിമ ബംഗാൾ 16.) ഗോപാലകൃഷ്ണൻ 17.) വെനീസ് 18.) ഓസ്ട്രിയ 19.) അജിത് സിംഗ് 20.) കാമറൂൺ



അബ്ദുൽ മുനീർ കെ. മുണ്ടക്കുളം
ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ
ജി.വി.എച്ച്.എസ്.എസ് ഓമാനൂർ

# അല്ല, നാം തനിച്ചല്ല

ഒരു മഞ്ഞുതുള്ളിയിൽ പ്രതിഫലിക്കുന്ന വർണ്ണോജ്വലമായ ഭൂവിഭാഗംപോലെ സൂക്ഷമവും അതിസങ്കീർണവുമായ വസ്തുക്കൾ മനുഷ്യനെഎക്കാലത്തും അത്ഭുതപരതന്ത്രനാക്കിയിട്ടുണ്ട്. ആദിമമനുഷ്യൻ മഴവില്ലിനെഒരു പക്ഷെ ആരാധിച്ചിരിക്കാം. അല്ലെങ്കിൽ നക്ഷത്രജാലങ്ങളെ പൂജിച്ചിരിക്കാം. ശാസ്ത്രീയജ്ഞാനസമ്പാദനത്തിൽ മനുഷ്യൻ കൂടുതൽ ആകൃഷ്ടനാവുകയും അറിവിന്റെ ചക്രവാളം വികസിക്കുകയും ചെയ്തപ്പോൾ പഴയ സങ്കൽപ്പങ്ങൾ അബദ്ധധാരണകളാണെന്ന് ബോദ്ധ്യപ്പെട്ടു. ശാസ്ത്രീയമായ അറിവുകളുടെ കുതിച്ചുചാട്ടത്തിൽ നാം ഇന്നും ഉത്തരം തേടുന്ന ഒരു ചോദ്യമുണ്ട്. അതായത് പ്രപഞ്ചത്തിൽ നാം തനിച്ചാണോ ?

ഈ ചോദ്യത്തിന് ഉത്തരം കാണുമ്പോൾ രണ്ടുപ്രധാനകാര്യങ്ങളെ നാം വിശകലനം ചെയ്യേണ്ടതുണ്ട്. ഒന്ന് പ്രപഞ്ചത്തിന്റെ വിശാലതയും മറ്റൊന്ന് ഭൂമിയിൽ എങ്ങനെജീവൻ ആവിർഭവിച്ചു എന്നുള്ളതും ആദ്യമായി പ്രപഞ്ചത്തിന്റെ വലുപ്പത്തെക്കുറിച്ച് ഏകദേശ ധാരണയുണ്ടാക്കാൻ ശ്രമിക്കാം. ആകാശത്തിന്റെ അനന്തവിശാലതയിൽ നാം കോടിക്കണക്കിന് നക്ഷത്രങ്ങളെ കാണുന്നു. ഭൂമിയോടടുത്ത് സ്ഥിതി ചെയ്യുന്നതിനാൽ വലുതായി നാം കണ്ടുകൊണ്ടിരിക്കുന്ന സൂര്യൻ എന്ന നക്ഷത്രം. സൂര്യനും അറിയപ്പെട്ടിട്ടുള്ള ഒമ്പത് ഗ്രഹങ്ങളും അവയുടെ ഉപഗ്രങ്ങളും ക്ഷുദ്രഗ്രഹങ്ങളും ഉൽക്കകളും ധൂമകേതുക്കളും അടങ്ങിയിരിക്കുന്ന സൗരയൂഥം നാം കാണുന്ന ഓരോ നക്ഷത്രവും ഓരോ സൂര്യനും! ഇതെല്ലാം ഉൽക്കൊള്ളുന്ന നക്ഷത്രക്കൂട്ടത്തെ ഗാലക്സി എന്നുപറയുന്നു. സൗരയൂഥം ഉൾക്കൊള്ളുന്ന ഗാലക്സിയെ ആകാശഗംഗ എന്നു വിളിക്കുന്നു. ഇത്തരം അനേകം ഗാലക്സികൾ ചേർന്നതാണ് ഈ പ്രപഞ്ചം. പ്രപഞ്ചത്തിന്റെ അതിവിദൂരതയിലുള്ള ചില ഗാലക്സികളെയും നക്ഷത്രങ്ങളെയും ഇനിയും കണ്ടുപിടിക്കേണ്ടതുണ്ട്. ഇതിനർത്ഥം ഉത്ഭവസമയത്ത് അവയിൽ നിന്ന് പുറപ്പെട്ട പ്രകാശം ഇനിയും ഇവിടെയെത്തിച്ചേർന്നിട്ടില്ല. എന്നാണ് (പ്രകാശത്തിന്റെ വേഗത 3 ലക്ഷം കി.മീ ആണെന്ന് ഓർക്കുക). ഈ വിശാലമായ പ്രപഞ്ചത്തിലെ ഒരു മണൽത്തരിയുടെ വലുപ്പംപോലും അവകാശപ്പെടാൻ പറ്റാത്ത ഭൂമിയിൽ നിന്നുകൊണ്ടാണ് മറ്റെവിടെയെങ്കിലും ജീവനുണ്ടോ എന്ന അന്വേഷണം നാം നടത്തുന്നത്.

ഏകദേശം ഒരു ഡിസ്ക് ആകൃതിപോലെ സ്ഥിതി ചെയ്യുന്ന അകാശ ഗംഗയിൽ 13000 കോടി നക്ഷത്രങ്ങൾ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവയിൽ കൂടുതലും കൂട്ടമായോ ഇരട്ടയായോ ആണ് സ്ഥിതി ചെയ്യുന്നതെങ്കിലും സൂര്യനെപ്പോലെ ഒറ്റ നക്ഷത്രമായി 20% നക്ഷത്രങ്ങളുണ്ടെന്നും ഈ നക്ഷത്രങ്ങളിൽ മിക്കതിനും സൗരയൂഥത്തിലേതുപോലുള്ള ഗ്രഹങ്ങൾ ഉണ്ടാവാമെന്നും ശാസ്ത്രജ്ഞന്മാർ പറയുന്നുണ്ട്. ടി.ടോറി എന്ന ഒറ്റ നക്ഷത്രത്തിന് ചുറ്റും അടുത്ത കാലത്തായി ഗ്രഹങ്ങളെ കണ്ടെത്തിയതാണ് ഇതിനുകാരണം. 20% ഓളം വരുന്ന ഒറ്റ നക്ഷത്രങ്ങളിൽ 1% എടുത്താൽപോലും ലക്ഷക്കണക്കിന് നക്ഷത്രത്തിന് ചുറ്റും ഭൂമിയിലേതുപോലുള്ള ജീവന്റെ ആവിർഭാവത്തിന് കാരണമായ സാഹചര്യമുള്ള ഗ്രഹങ്ങളുണ്ടാവാം. നമ്മുടെ സൗര

യുഥത്തിലെ ചൊവ്വയിൽ ജീവസാന്നദ്ധ്യമുണ്ടെന്ന് കരുതിയിരുന്നു. പക്ഷേ വെയേജർ, പയനിയർ വൈക്കിംഗ് തുടങ്ങിയ വാഹനങ്ങളിൽ ആ നിഗമനം തെറ്റാണെന്ന് തെളിയിച്ചിട്ടുണ്ട്.

രണ്ടാമതായി നമുക്ക് പരിശോധിക്കാനുള്ളത് ഭൂമിയിൽ ജീവന്റെ ഉത്ഭവത്തിന് ശാസ്ത്രം നൽകുന്ന വിശദീകരണം എന്താണ്. (മറ്റു തത്വങ്ങളൊക്കെ മാറ്റിവെയ്ക്കാം.) ഭൂമിയുടെ പ്രാകൃത അന്തരീക്ഷത്തിൽ മീഥെൻ, അമോണിയ, ജലം മുതലായപദാർത്ഥങ്ങളിൽ കൂടി ഇടിമിന്നലും വികിരണങ്ങളും കടന്നുപോയതിന്റെ ഫലമായി അവ പ്രത്യേക രീതിയിൽ സംയോജിച്ച് നൈട്രജൻ ബൈഡ്, പഞ്ചസാര, അമിനോ ആസിഡ് എന്നീ പദാർത്ഥങ്ങൾ ഉണ്ടാവുകയും വിവിധ അമിനോ ആസിഡുകൾ കൂടിച്ചേർന്ന് പ്രോട്ടീനുകൾ ഉണ്ടാവുകയും ചെയ്യുന്നു. അതുപോലെ നൈട്രജൻ ബൈഡ്, പഞ്ചസാര, ഫാറ്റി ആസിഡ് എന്നിവ ചേർന്ന് ന്യൂക്ലിക് ആസിഡുകളും രൂപംകൊണ്ടു. ന്യൂക്ലിക് ആസിഡുകളും പ്രോട്ടീനുകളും ചേർന്ന് രൂപംകൊണ്ട് കോയസൾഫേറ്റുകളെ ശാസ്ത്രജ്ഞന്മാർ ആദ്യത്തെ ജീവിയായിതന്നെ കണക്കാക്കുന്നു. കാരണം ഇവയ്ക്ക് സ്വയം വിഭജിക്കുവാൻ കഴിയുമായിരുന്നു. ഓപ്പാരിന്റെ ഈ സിദ്ധാന്തം സ്റ്റാനലി മില്ലർ, ഹർഗോവിന്ദ് ഖുരാന, മിസ്റ്റർ ഫോക്സ് എന്നിവർ പരീക്ഷണത്തിലൂടെ ശരിവയ്ക്കുകയും ചെയ്തു.

ഇനി ഒന്ന് ചിന്തിച്ചുനോക്കൂ. കോടാനുകോടി വർഷങ്ങൾകൊണ്ട് ഇവിടെ നടന്ന അതേ പ്രക്രിയ മറ്റു നക്ഷത്രങ്ങളുടെ ചുറ്റിലുള്ള ഗ്രഹങ്ങളിലും സംഭവിച്ചു കൂടെ? ഒരു പക്ഷേ ഭൂമിയിലേതു പോലുള്ള ജീവ ജാലങ്ങളോ അല്ലെങ്കിൽ മനുഷ്യനേക്കാൾ ഉയർന്ന ബുദ്ധിവികാസത്തോടുകൂടിയ ജീവി വർഗ്ഗങ്ങളോ ഉണ്ടാവില്ലേ? ഇങ്ങനെയൊക്കെയാണെങ്കിലും മറ്റ് ഗ്രഹങ്ങളിലെ ജീവ ജാലങ്ങളെക്കുറിച്ച് എന്തുകൊണ്ട് തറപ്പിച്ചും ഉറപ്പിച്ചും പറയാവുന്ന ഒരു വിവരം നമുക്ക് ലഭിക്കുന്നില്ല. അതിനുകാരണം മറ്റൊന്നുമല്ല. സൂര്യനോട് ഏറ്റവും അടുത്ത നക്ഷത്രമായ ആൽഫാസെന്റിലേക്കുപോലും 4 പ്രകാശവർഷം ദൂരം ഉണ്ട്. പ്രകാശവർഷത്തിന്റെ വേഗതയുള്ള ഒരു വാഹനം (അങ്ങനെയൊന്ന് ഇപ്പോഴില്ല) മാണെങ്കിൽ പോലും 8 വർഷം പിടിക്കും. ആയതിനാൽ നാം ഇവിടെനിന്നും ശക്തിയേറിയ റേഡിയോ തരംഗങ്ങൾ എങ്ങോട്ടെന്നില്ലാതെ അയച്ചുകൊണ്ടിരിക്കുകയാണ്. നമ്മേക്കാൾ പുരോഗതി പ്രാപിച്ച ജീവിവർഗ്ഗമാണ് അവരെങ്കിലോ? നാം റേഡിയോ തരംഗങ്ങൾ പിടിച്ചെടുക്കുന്നതുപോലെ അത് അവർ പിടിച്ചെടുത്ത് അതിന് മറുപടി അയച്ചിട്ടുണ്ടായിരിക്കാം അല്ലെങ്കിൽ അയക്കാമായിരിക്കാം.

റഷ്യയിൽ ചേർന്ന ഒരു ശാസ്ത്രജ്ഞൻ 'ഫാൻസിന്റെ' പ്രമേയം ഇവിടെ പ്രസ്താവ്യമാണ്. ശക്തിയേറിയ റേഡിയോ ടെലസ്കോപ്പികളും മറ്റു വാർത്താ വിനിമയങ്ങളും വഴി ശൂന്യതയിൽ നിന്ന് ലഭിക്കുന്ന അജ്ഞാത സിഗ്നലുകൾ അപഗ്രഥിക്കാൻ ശ്രമിക്കണം.

സംശയങ്ങൾക്ക് ബലം നൽകുന്ന മറ്റൊന്നാണ് മുൻ അമേരിക്കൻ പ്രസിഡന്റ് കാർട്ടർ ഉൾപ്പെടെ പലരും കണ്ടുവെന്ന് അവകാശപ്പെടുന്ന UFO (Unidentified Flying Objects) അഥവാ പറക്കും തളികകൾ. 1979 ഓഗസ്റ്റ് 17 ന് വെള്ളിയാഴ്ച ടോക്കിയോയിൽ നിന്ന 50 നാഴിക വടക്ക് കവാക്കോ നഗരത്തിന് മീതെ വിമാനം പറപ്പിച്ച എയിജിക് എന്ന പൈലറ്റ് തന്റെ വിമാനത്തെ തിളങ്ങുന്ന മൂന്നു വസ്തുക്കൾ പിന്തുടർന്നതായി 5 മിനിറ്റ് അനുഗമിച്ച ശേഷം അപ്രത്യക്ഷമാവുകയും ചെയ്തുവെന്ന് പ്രസ്താവിച്ചു (1979 ആഗസ്റ്റ് 29, മാതൃഭൂമി) ഇത്തരം കാര്യങ്ങൾ പലപ്പോഴും പത്രങ്ങളിൽ വരാറുണ്ടെങ്കിലും വിശ്വസനീയമായി 100% ഉം ഇത് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഇത് കാലാവസ്ഥാ പ്രവചനത്തിന് വേണ്ടി അയക്കപ്പെടുന്ന റോക്കറ്റുകളോ ബലൂണുകളോ ആയിരിക്കുമെന്ന് അഭിപ്രായപ്പെടുന്നതോടുകൂടെതന്നെ മറ്റ് ഗ്രഹങ്ങളിൽ നിന്നയക്കപ്പെടുന്ന അവർ കണ്ടുപിടിക്കപ്പെട്ട ഏതെങ്കിലും വാഹനങ്ങളായിരിക്കുമോ എന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നു.

15 ശാസ്ത്രജ്ഞൻമാർ തയ്യാറാക്കി ഐക്യരാഷ്ട്രസഭക്ക് സമർപ്പിച്ച പ്രബന്ധത്തിൽ ഇങ്ങനെപറയുന്നു. ഒറ്റ നക്ഷത്രങ്ങളുടെ ചുറ്റുമുള്ള ഗ്രഹങ്ങളിൽ ജീവൻ ഉത്ഭവിക്കാനുള്ള സാദ്ധ്യതയുണ്ട്. ഭൂമിയിൽ ആവിർഭവിച്ചതുപോലെ ജീവശാസ്ത്രപരമായ പരിണാമപ്രക്രിയയിലൂടെ അവ കടന്നുപോയിട്ടുണ്ടാവാം.

ശാസ്ത്രജ്ഞൻമാരുടെ ഇത്തരം സിദ്ധാന്തങ്ങളും പ്രവചനങ്ങളും പ്രസ്താവനകളും തിരിച്ചറിയാത്ത സിഗ്നലുകളും UFOഉം എല്ലാ കൂടെച്ചേർത്ത് വായിക്കുമ്പോൾ നമുക്ക് കിട്ടുന്ന വസ്തുത ഈ പ്രപഞ്ചത്തിൽ നാം തനിച്ചല്ലെന്നും പലയിടത്തും ജീവസമൂഹം നാം അവരെ അറിയാതെ അവർ നമ്മെ അറിയാതെ വസിക്കുന്നുവെന്നാണ്.

ഭൂമിയിലല്ലാതെ മറ്റു ഗ്രഹങ്ങളിലും ജീവനുണ്ട് എന്നതിന് ദൈവീക ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ നിരവധി സൂചനകൾ കാണാൻ കഴിയുന്നുണ്ട്. ഭൂമിയിലേക്ക് മനുഷ്യവർഗ്ഗത്തെ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നകാര്യം ദൈവം മാലാഖമാരോട് പറയുമ്പോൾ മാലാഖമാരുടെ മറുപടി ഇങ്ങനെയായിരുന്നു. കുഴപ്പുണ്ടാകുന്ന രക്തം ചിന്തുന്ന ഒരു വിഭാഗത്തെ എന്തിനാണ് സൃഷ്ടിക്കുന്നത്. ഈ മറുപടി പറയാൻ മാലാഖന്മാരെ പ്രേരിപ്പിച്ചത് മറ്റു ഗ്രഹങ്ങളിൽ മനുഷ്യന്റെ സ്വഭാവം മനസ്സിലാക്കിയിട്ടായിരിക്കുമെന്ന് വ്യാഖ്യാത പണ്ഡിതർ വിശദീകരിക്കുന്നുണ്ട്. പ്രവാചകന്റെ പിതൃവ്യൻ ഇബ്നു അബ്ബാസ് അങ്ങനെവിശ്വസിച്ചിരുന്നതായി ഗ്രന്ഥങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നു.

ഏതായാലും നാം അയച്ചുകൊണ്ടിരിക്കുന്ന ശക്തിയേറിയ റേഡിയോ തരംഗങ്ങളുടെ മറുപടി കേൾക്കാൻ നമുക്ക് സാധിക്കാതെ വന്നേക്കാമെങ്കിലും ന്യായമായും യുക്തമായും മറ്റ് പ്രവാഹങ്ങളിലും ജീവനുണ്ടെന്ന് അനുമാനിക്കാം. മാത്രമല്ല വരും തലമുറക്ക് മറ്റു ഗ്രഹങ്ങളിലെ ജീവിവർഗ്ഗത്തോട് എങ്ങനെവാർത്താവിനിമയ ബന്ധം മെച്ചപ്പെടുത്താമെന്ന് നോക്കേണ്ട അവസരമേ ഉണ്ടാകൂ എന്നാണ് വസ്തുത. ●




വചനം ഇ-മാഗസിനിലേക്ക് സൃഷ്ടികളും അഭിപ്രായങ്ങളും ക്ഷണിക്കുന്നു

vachanamkmcc@gmail.com
Fax: 01 4646116

എനിക്ക് എല്ലാ മാസവും വചനം ഇ-മാഗസിൻ പതിപ്പുകൾ അയച്ച് തരുവാൻ അപേക്ഷ. മാഗസിൻ പ്രവർത്തകർക്ക് ഒരായിരം ആശംസകൾ

**സിദ്ധീഖ് തളിക്കുളം**
sidhikpa@gmail.com

I would like to have copies of 'vachanam' and request you send me the same in the following mail Id praying for allay blessing to your valuable attempt.

Kind reagrds

**Adv. Abdul Lathief Kayamkulam,** Jeddah

അഷ്റഫ് തങ്ങൾ ചെട്ടിപ്പടിയുടെ യാത്രാ വിവരണം നല്ല നിലവാരം പുലർത്തുന്നു. ഒരു നല്ല അറിവു നൽകുന്ന യാത്രാവിവരണം വീണ്ടും വായിക്കാൻ ആഗ്രമുണ്ടാക്കുന്നു. അത് കൊണ്ട് തങ്ങൾക്ക് അടുത്ത ലക്കത്തിൽ കൂടുതൽ പേജുകൾ നീക്കിവെക്കാൻ അപേക്ഷിക്കുന്നു. കൂടാതെ അഷ്റഫ് തങ്ങളുടെ ഒരു സ്ഥിരം പംക്തിയും പ്രതീക്ഷിക്കുന്നു.

**ശംസുദ്ധീൻ പെരുമ്പട, റിയാദ്**

വിദ്യാർത്ഥികൾക്ക് വേണ്ടി വചനം പേജുകൾ നീക്കിവെക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ, കാലിക വിഷയങ്ങൾ ഉൾപ്പെടുത്താൻ കൂടുതൽ ശ്രദ്ധിക്കുക.

വിജയാശംസകളോടെ,
അഭിലാഷ് കരിമ്പന, ദോഹ, ഖത്തർ
abilash985@gmail.com

എല്ലാ വചനം വായനക്കാർക്കും ആശംസകൾ നേരുന്നു.

ഷൈജോ. എം.ബി. നായർ
shyjomalayil@gmail.com

ജനുവരിലക്കം മാഗസിനിൽ ഉസ്മാൻ ഇരിങ്ങാട്ടിരിയുടെ ലേഖനം വ്യത്യസ്തമായി. പാണക്കാട് ശിഹാബ് തങ്ങളുടെ ചരിത്രം പുതുമകളോടെ വായനക്കാരിലെത്തിച്ച ലേഖകന് അഭിനന്ദനങ്ങൾ

**ഫൈസൽ ടി.പി. പനമരം,** ഷാർജ. യു.എ.ഇ.

## കവിത

**അമീൻ വി. ചൂനൂർ**
**ദമാം**



ഇറാഖ് തിന്ന്
അമേരിക്കക്ക്
കോളസ്ട്രോളിന്റെ അസുഖം.
ഇസ്രയേലിന്റെ തീൻമേശ പങ്കിട്ട്,
ഫലസ്തീനും,
മുന്നെ അഫ്ഗാന് അച്ചാറിട്ടതും കൂട്ടി,
പ്രഷറും കൂടി ഷുഗറും...

ഇപ്പോൾ, ഇടക്കൊരു
ഇൻസുലിൻ കുത്തി വെക്കണം
എന്നാലെ ലോക മാന്ദ്യത്തിന്റെ
അളവൊന്ന് നോർമലാവൂ...
അധികാരത്തിന്റെ ഉപ്പ് കമ്മിയാക്കണം,
എണ്ണ കഴിക്കരുത്,
ആണവായുധങ്ങൾ ഉപ്പിലിട്ടു വെക്കരുത്
മിസൈലുകളും ബോംബ് ചീളുകളും
മിഗ് വിമാനങ്ങളും, വറുത്തു കഴിക്കരുത്..




റിയാദ് മലപ്പുറം മണ്ഡലം കെ.എം.സി.സി 'ഗെറ്റുഗദർ' പഠന ക്യാമ്പ് പ്രമുഖ പണ്ഡിതനും ഗ്രന്ഥകാരനുമായ അൻവർ അബ്ദുള്ള ഫസ്ഫരി പടിഞ്ഞാറ്റുമുറി ഉദ്ഘാടനം ചെയ്യുന്നു.



റിയാദ് മലപ്പുറം മണ്ഡലം കെ.എം.സി.സി 'ഗെറ്റുഗദർ' പഠന ക്യാമ്പ് സദസ്സ്

## വായന

### മാരിയത്ത് സി.എച്ച്. എഴുതിയ
## കാലം മായ്ച കാൽപ്പാടുകൾ

വിധിവൈപരീത്യത്തിന്റെ നെരിപ്പോടുകളെ ബാല്യത്തിന്റെയും ജീവിതത്തിന്റെയും വർണ്ണപ്പൊലിമകളാക്കി മാറ്റുന്ന സർഗ വൈഭവത്തിന്റെ വരികൾ... ഓരോ നിമിഷങ്ങളെയും മുദ്രപ്പെടുത്തി അനുവാചകനെ ജീവിതത്തെ വസന്തമാക്കി മാറ്റാൻ പ്രേരിപ്പിക്കുന്ന കൃതി... ഒന്നര വർഷത്തിനിടയിൽ രണ്ടാം പതിപ്പും അന്യഭാഷാ പതിപ്പുമിറങ്ങിയ ഓർമ്മക്കുറിപ്പ്, ഏറ്റവും നല്ല പുസ്തകത്തിന് ദമാം മലപ്പുറം തനിമയുടെ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ അവാർഡ് നേടിയ സാഹിത്യ സൃഷ്ടി



വിതരണം:
മോങ്ങം ആൽഫ പബ്ലിക്കേഷൻസ്
മൊബൈൽ: 9809921105

## മാർച്ച് ഡയറി



മാർച്ച് 10: സ്വതന്ത്ര്യാനന്തര ഇന്ത്യയിൽ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും രാജ്യത്തിന്റെ മതേതരത്വ ജനാധിപത്യ പാതയിൽ ന്യൂനപക്ഷങ്ങളെ പങ്കാളികളാക്കാനും ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ നേതൃത്വത്തിൽ 1948 മാർച്ച് 10ന് മദ്രാസിലെ രാജാജി ഹാളിൽ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന് രൂപം നൽകി.

ഇന്ത്യൻ ജനാധിപത്യം അര നൂറ്റാണ്ടിലേറെ പിന്നിട്ടിട്ടും ഇന്ത്യൻ രാഷ്ട്രീയത്തിന്റെ കരുത്തുറ്റ ശബ്ദമായി എതിരാളികളുടെ മനക്കോട്ടകളെ തകർത്ത് മുസ്ലിം ലീഗ് അതിന്റെ വിജയ വൈജയന്തിയിലൂടെ വെന്നിക്കൊടിയുമായി പ്രയാണം തുടരുന്നു.

## നിരീക്ഷണം

# എക്സിറ്റ് പതിനേഴര

-ക്രെസന്റ്-

- **മുസ്ലിം പ്രമുഖരുടെ ഇ-മെയിലുകൾ പോലീസ് ചോർത്തി - ജമാഅത്ത് വാരിക**

  അടിസ്ഥാനം സിമിയെന്ന് തുറന്ന് പറ! തീവ്രവാദം മാധ്യമമാക്കിയ ജമാഅത്തിന് ഇതിന്റെ പേരിൽ മറ്റൊരു ഭീകരസംഘടന കൂടിയുണ്ടാക്കണം. പാവം ജമാഅത്ത് ഒന്നുമറിഞ്ഞില്ല

- **ഭൂമിദാനക്കേസിന്റെ പിന്നിൽ കുഞ്ഞാലിക്കുട്ടിയെന്ന വി.എസ്. അച്ചുതാനന്ദൻ- മനോരമ, രാമ, നാരായണ**

  നാവ്കൊണ്ട് സ്വന്തം കറുത്ത കൈകൾ കഴുകിയാൽ വെളിക്കില്ലപ്പാ....

- **ബാബ്‌രി മസ്ജിദ് തകർത്തത് സാധാരണ സംഭവമെന്ന് സുപ്രീംകോടതി**

  ആധാരണയോടെ വിധിയും പ്രതീക്ഷിക്കാം!

- **കോഴിക്കോട് വിമാനത്താവള നിർമ്മാണത്തിൽ അഴിമതി നടന്നു. - സി.ബി.ഐ.**

  ഈ റൺവേയിലിറങ്ങുന്ന വിമാനം മംഗലാപുരത്തെത്തുമോ?

- **സംസ്ഥാന സ്കൂൾ കലോൽസവത്തിൽ മലപ്പുറം ജില്ല മൂന്നാം സ്ഥാനം നേടി - വാർത്ത**

  വിദ്യാർത്ഥികൾ പാർട്ടികളുടെ ചട്ടുകങ്ങളായിമറിയെന്ന് പറഞ്ഞയാൾ മാനവും മാന്യതയും എന്ന രണ്ടെണ്ണം ജീവിതത്തിലുണ്ടെങ്കിൽ മലപ്പുറത്തോടും മലയാളികളോടും മാപ്പ് പറഞ്ഞ് പ്രായശ്ചിത്തമായി മലപ്പുറത്തുകാരുടെ അടുക്കളപ്പണിക്ക് തയ്യാറാവണം

- **വിദ്യാർത്ഥികൾ പാർട്ടികളുടെ ചട്ടുകങ്ങളായി മാറിയെന്ന് പോപ്പുലർ ഫ്രണ്ട് ചെയർമാൻ - തീവ്രവാദി പത്രം**

  അത്കൊണ്ട് പേനക്ക് പകരം കത്തിയുമായി നീങ്ങണം

## ചിത്രരചന



Fathima Zahra
Mahatma International School ,Riyadh